UNIVERSITY LIBRARY
20. JAN. 1935
MADRAS

# കൈരളി

പുസ്തകം ൧൯ | ൧൧൦൯ തുലാം | ലക്കം ൧

## നമ്മുടെ നടനകല.

[ഈ. വി. കൃഷ്ണപ്പിള്ള ബി. ഏ., ബി. എൽ., എം. എൽ. ഏ.]

കഴിഞ്ഞ തിരുവിതാംകൂർ തിരുനാൾ മഹോത്സവം പ്രമാണിച്ച് തിരുവനന്തപുരം ജൂബിലി ഹാളിൽ സർ സി. പി. രാമസ്വാമി അയ്യരുടെ അദ്ധ്യക്ഷതയിൽ കൂടിയ ഒരു സമ്മേളനത്തിൽവച്ചു "മലയാളനാടകവേദി" എന്ന വിഷയത്തെക്കുറിച്ചു ഞാൻ ഒരു പ്രസംഗംചെയ്തിരുന്നു എന്ന കാര്യം ഇവിടെ എടുത്തു പറയേണ്ടിവരുന്നതു്, വിപുലമായ ഈ വിഷയത്തെക്കുറിച്ച് ഇതിൽ പറയുവാൻ പോകുന്നതു മാത്രമല്ലാ ഒരാൾക്കു തോന്നാവുന്നതെന്നും, ചർവ്വിതചർവ്വണം തന്നത്താൻ അനുഷ്ഠിക്കുക പരമജുഗുപ്സമായ ഒരു വ്യവസായമായിരിക്കുമെന്നുള്ള ബോദ്ധ്യത്താൽ പ്രബന്ധത്തിൽ ഏറെക്കാര്യങ്ങൾ മാററിവയ്ക്കേണ്ടിവരുന്നുവെന്നും ഉള്ള പരമാർത്ഥം വായനക്കാരെ അറിയിക്കുവാൻ മാത്രമാണു്. ആദ്യകാലങ്ങളിൽ സംസ്കൃതനാടകങ്ങൾ അല്പാല്പം അവലംബിച്ച് ഉത്ഭവിച്ച മലയാളനാടകവേദി വളരെ വേഗം തമിഴിനു ശിഷ്യപ്പെടേണ്ടിവന്നതും, അത്യന്തം വിരസങ്ങളായ പല സമ്പാദ്യങ്ങളും നേടി, പിന്നിട്ടു പരിശുദ്ധമലയാളത്തിലേയ്ക്കുതന്നെ തിരിച്ചു എത്തുന്നതും എല്ലാം നാട്യവിദ്യ തൊഴിലായി വരിച്ചിരിക്കുന്നവരുടെ സംരംഭങ്ങളെ സംബന്ധിക്കുന്ന ചരിത്രവിവരണമാണു്.

എന്നാൽ ആംഗലവിദ്യാഭ്യാസത്തിന്റെ പ്രചാരത്തോടുകൂടി വിദ്യാസമ്പന്നരുടെയിടയിൽ ചില ലഘുവ്യവസായങ്ങൾ ഇതുസംബന്ധിച്ച് ഉണ്ടായിവന്നു. വിദ്യാലയസമ്മേളനങ്ങളുടെ അനുബന്ധങ്ങളായി ആരംഭിച്ച ഈ പ്രകടനങ്ങൾക്കു കാലക്രമത്തിൽ അഭിനന്ദനീയമായ അഭിവൃദ്ധിയും കണ്ടുതുടങ്ങി. മദിരാശിയിലെ സുഗുണവിലാസസഭ ഈ പ്രസ്ഥാനത്തിന്റെ ഒരു ദൃഷ്ടാന്തമാണു്. കാലയാപനത്തി

നായി മററ ജോലികളിൽ ഏൎപ്പെട്ടിരിക്കുന്ന മാന്യന്മാരും—വളരെ അപൂൎവ്വം സന്ദൎഭങ്ങളിൽ മാന്യകളും കേവലം വിനോദത്തിനായി മാത്രം അനുഷ്ഠിച്ചുവന്ന ഏതാദൃശകലാസല്ലാപം ഇപ്പോൾ തിരുവിതാംകൂറിനെസ്സംബന്ധിച്ചേടത്തോളവും ആ നിലയിൽനിന്നുയൎന്നു് ഒട്ടൊരു ശാശ്വതമായ രൂപം അവലംബിക്കാൻ തുടങ്ങിയിട്ടുണ്ടു്. ഈയിടെയായി തിരുവനന്തപുരത്തു നാഷണൽ തിയേറ്റർ എന്ന പേരിൽ അഭ്യസ്തവിദ്യന്മാർ അംഗങ്ങളായുള്ള ഒരു കലാപോഷണസമിതി ഉണ്ടാക്കിയിട്ടുണ്ടു്. അഭിനയചാതുരികൊണ്ടു കാഴ്ചക്കാരിൽ സമ്മോദവും സമ്മതിയും വളൎത്തുന്നതിനു കഴിഞ്ഞിട്ടുള്ള ഏതാനും ഉദ്യോഗസ്ഥന്മാരും വക്കീലന്മാരും മററു് അനുദ്യോഗസ്ഥന്മാരും അംഗങ്ങളായി ചേൎന്നിട്ടുള്ള ഈ സമിതി സ്വന്തമായി നാടകസാമാനങ്ങൾ ഉണ്ടാക്കുന്നതിനും, സമ്മാനാൎഹങ്ങളായ നാടകങ്ങൾ എഴുതുന്നവൎക്കു പ്രതിഫലമോ മററു ബഹുമതികളോ നൽകുന്നതിനുവേണ്ടി ധനശേഖരംചെയ്യുന്നതിനും ആണ തിച്ചപ്പെടുത്തിയിട്ടുള്ളതു്. ആണ്ടിൽ നാലുപ്രാവശ്യമെങ്കിലും ഓരോ പുതിയ നാടകം തിരുവനന്തപുരത്തു് ഈ സംഘക്കാർ അഭിനയിക്കണമെന്നു നിൎബ്ബന്ധമായ വ്യവസ്ഥയും ഉണ്ടു്. അതുപോലെതന്നെ കരമന അമച്വർ സൊസൈററി എന്ന തമിഴ്നാടകസംഘക്കാർ ഏറെക്കാലമായി ഈമാതിരി ഒരു സ്ഥാപനം നടത്തിപ്പോരുന്നുമുണ്ടു്. പ്രൊഫസ്സർ ശ്രീനിവാസൻ തുടങ്ങിയവർ ഇതിലെ നടന്മാരുമാണു്.

തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലേയ്ക്കു നാട്യകലയിൽ ഉള്ള അത്യാസക്തിനിമിത്തം തിരുവനന്തപുരത്തെ ഏതാദൃശപ്രസ്ഥാനങ്ങൾ വിജയപ്രദമായിത്തീരുമെന്നു ന്യായമായി ആശിക്കാവുന്നതാണു്. ഇക്കഴിഞ്ഞ മൂന്നുമാസങ്ങൾക്കിടയിൽ ആറു പുതിയ നാടകങ്ങളോളവും തിരുവനന്തപുരത്തു് അഭിനയിച്ചിരിക്കുന്നു. നാലോ അഞ്ചോ കൂടി ഈ ആണ്ടു് അവസാനിക്കുന്നതിനുമുമ്പു് ഉണ്ടാകുന്നതുമാണു്. ഒളിച്ചിരുന്നു ഒരു പുസ്തകമെഴുതി അച്ചുകൂടത്തിന്റെ പുറകിൽകൂടെച്ചെന്നു് അതു് അച്ചിട്ടു വായനക്കാരന്റെ മുഖത്തേക്കു് എറിഞ്ഞുകൊടുത്തിട്ടു തലയിൽ മുണ്ടും ഇട്ടു തിര്യെ വീട്ടിൽ വന്നിരിക്കുന്നതുപോലെയല്ല, ഉടൻ ഉടൻ അഭിനയിക്കേണ്ടതായ നാടകങ്ങൾ എഴുതുന്നതു്. അതിലെ ഓരോ തെററും ഓരോ അനൌചിത്യവും വിടാതെല്ലാം ആ അഭിനവരാത്രിയിൽ ദീപാവലിമദ്ധ്യേ തെളിഞ്ഞുകാണുന്നു. അതുകൊണ്ടു നാടകകൎത്താവിനാകട്ടെ, നടന്മാൎക്കാകട്ടെ കണ്ടില്ല കേട്ടില്ല എന്നു സമാധാനപ്പെട്ടിരിക്കുവാൻ നിവൃത്തികിട്ടുന്നില്ല. അതിനാൽ ഓരോ നാടകവും എല്ലാവിധത്തിലും നന്നാക്കണമെന്നുള്ളതു് ഏതൽകൎത്താക്കന്മാരുടെ പ്രധാനലക്ഷ്യമായിരിക്കുന്നതാണു്. ഭാഷാസമ്പോഷണത്തിനു് ഇതിൽ കൂടുതൽ ആവശ്യമായ എന്തുതന്നെയാണു് വേണ്ടതു്!

പിന്നിട്ടുള്ളതു നാട്യവിദ്യയെക്കുറിച്ചാണ്. ഏകപുത്രൻ അകാലമരണം അടഞ്ഞു ശ്മശാനത്തിൽ കിടക്കുമ്പോൾ, അവിടെ ഓടി എത്തി, ആ മൃതശരീരം കണ്ടിട്ട്, "ഏടെ ആരെക്കൂട്ടേ മച്ചേ" എന്നു ഹാർമ്മോണിയക്കാരനു നിർദ്ദേശം നൽകി താളമേളസ്വരലയങ്ങളോടെ നീലാംബരി സക്സസ്സുകാണിച്ചു വാവലിച്ചുകീറുന്ന ഹരിശ്ചന്ദ്രന്മാരെക്കൊണ്ടാണല്ലോ നാടകവേദികൾ വിലക്ഷണരംഗങ്ങളായിതീർന്നതു്. ഈ പ്രസ്ഥാനത്തിൽ ആ ദോഷം വരുകയില്ല. അവിടെ സംഗീതമില്ല. കരച്ചിൽ വരുമ്പോൾ കരയുകയാണ്, പാടുകയല്ല. പ്രണയം അഭിനയിക്കേണ്ടപ്പോൾ അതു ഹൃദയാവർജ്ജകമായ രീതിയിൽ പ്രകടിപ്പിക്കുന്നതിനു ശ്രമിക്കുകയാണ്, കുറാനെപ്പോലെ എത്തിച്ചാടി നടക്കുകയല്ല. ഒരാളിനെ കണ്ടാൽ കണ്ടെന്നുതന്നെ ഭാവിക്കും, അല്ലാതെ പാട്ടും കൂത്തും മുഴുവൻ തീർന്നു മുഖം വെട്ടിത്തിരിച്ചു പുരികം ഇളക്കുകയല്ല. ചിലപ്പോൾ ഒരു നോട്ടം, ഒരു അംഗവിക്ഷേപണം, ഒരു ദീർഘനിശ്വാസം, ഒരു ചിന്താപാരവശ്യം—ഇതിനൊക്കെയായിരിക്കും തീരാത്ത പ്രശംസ ലഭിക്കുന്നതു്. ഇതൊക്കെ കാണിക്കുന്നതു പണ്ഡിതന്മാരായ നടന്മാരും ആണ്. ഇത്രയും പോരെ ഒരു ഭാഷയിലെ നാടകസാഹിത്യം നന്നാകുന്നതിന്! ഇത്രക്കു പോരെ, മറ്റുവിധത്തിൽ പരമവിഷമമായ ജീവിതഭാരം പേറുന്നതിനിടയിൽ ഒരാൾക്കു കുറെ നേരത്തേക്കു പരമനിർവൃതി നൽകുന്നതിന്? സമുദായത്തിന് അനർഘങ്ങളായ സമ്പാദ്യങ്ങൾ നൽകുവാനും ഈവിധം നൽകപ്പെടുന്ന ഉൽകൃഷ്ടപാഠങ്ങൾ പോരേ?

തിരുവിതാംകൂറിൽ സമാരംഭിച്ചിട്ടുള്ള ഈ പ്രസ്ഥാനം കൊച്ചിയിലും മലബാറിലും കൂടി നടപ്പിൽ വന്നെങ്കിൽ നന്നായിരുന്നു.

---

# "കെട്ടു" കല്ല്യാണം.

[പി. നാരായണമേനോൻ, എം. ഏ.]

I

**അ**മ്മുക്കുട്ടി അമ്മക്ക് എന്താ ഒരു കുറവ്? വലിയൊരു തറവാട്ടിൽ ജനിച്ചു; സൌന്ദര്യസൌശില്യാദി ഗുണങ്ങളിൽ അദിതിയയെന്ന പേരെടുത്തു വളൎന്നു; വക്കിൽവൃന്ദത്തിന്റെ മകുടാലങ്കാരമായ ഒരു മാന്യദേഹത്തിന്റെ സാമഭാഗത്തെ ചിരകാലം അലങ്കരിച്ചു; എന്തിനേറെ വിസ്തരിക്കുന്നു, കേരളത്തിലെ വല്ല്യമ്മമാൎക്ക് അവർ ഒരു തൊട്ടുകുറിയായിരുന്നെന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ! ഭൎത്താവു മരിച്ചപ്പോഠ അവരുടെ ഈ "തൊട്ടുകുറിത്വം" നാല്ല മാററു കൂട്ടുകയല്ലാതെ കുറഞ്ഞില്ല. അങ്ങിനെ ആവാനല്ലെ തരമുള്ളു? രണ്ടു "ലകാര"ത്തിന്റെ മുതലല്ലെ ഇളകുന്നതും ഇളകാത്തതുമായി, ഭൎത്താവിന്റെ ഒസ്യത്തുപ്രകാരം അവൎക്ക് സിദ്ധിച്ചതു? അടുത്ത കാലത്തു ആൎക്കാനും ഇങ്ങിനെ കിട്ടിയിട്ടുണ്ടോ? പിന്നെ, നായന്മാരുടെ ഇടയിൽ നാലാമത്തെ ഐ. സി. എസ്സ്. അവരുടെ ഏകപുത്രനല്ലെ? ഒന്നാമത്തേതല്ല, സമ്മതിച്ചു; പക്ഷെ അതു കൊച്ചപ്പന്റെ കുററമാണൊ? വേറെ നായന്മാർ എന്തിനാ ആദ്യം പോയതു? ആ മകന്റെ ഭാൎയ്യയല്ലെ കണ്ടുണ്ണിക്കൎത്ത്റാജഡ്ജിയുടെ മകളു? ഈ മകളുടെപേൎക്ക് അയ്മ്പതിനായിരം ഉറപ്പിച്ചിട്ടല്ലെ മകന്റെ സംബന്ധത്തിന്നു താൻ "ഉം" മൂളിയുള്ളു? പോരെങ്കിൽ, മൂത്ത പുത്രിയുടെ ഭൎത്താവു വൃത്തമാത്ത ഒരു ബാരിസ്റ്ററല്ലെ? കോടതിയിൽ പോയി കേസ്സു നടത്തി പേരും പണവും നേടിത്തുടങ്ങിട്ടില്ലെങ്കിലും, "പിങ്ങ് പോങ്ങ്" ചാമ്പിയൻ എന്നനിലക്കു കൃഷ്ണനുണ്ണിനായരെപ്പററി കേഠക്കാത്തവർ കേരളീയരിൽ ആരെങ്കിലും ഉണ്ടൊ? ഉണ്ടെങ്കിൽ അവർ കൊള്ളരുതാത്തവർ! ഈ പിങ്ങ്പോങ്ങ് പ്രവരനെ ജാമാതാവായി കിട്ടാൻ തനിക്കു മൂന്നിന്റെ കാശു ചിലവായിട്ടുണ്ടോ? മൂക്കിന്റെ തുമ്പു വിയൎത്തിട്ടുണ്ടൊ? അമ്മയുടെ പ്രതാപവും മകളുടെ അംഗഭംഗിയും "ഞാൻ മുമ്പിൽ, ഞാൻ മുമ്പിൽ", എന്നങ്ങിനെ തിക്കിത്തിരക്കുന്നതിന്റെ ഘോഷം കേട്ടു മതിമറന്നു വന്നണഞ്ഞതല്ലെ? ഈ കാലത്തു, ഏതു തരത്തിലുള്ള പെങ്കിടാങ്ങളെ വേണമെങ്കിലും നന്നാലെണ്ണം വീതം കേരളത്തിലെ ഓരോ ഭവനത്തിലേയും വടക്കിനിയിൽ നിന്നു കിട്ടുന്ന ഈ ഇരുപതാംന്തൂററാണ്ടു കാലത്തു, ഇങ്ങിനെ ഒരു അനുഭവം വേറെ എവിടെയെങ്കിലും, ആൎക്കെങ്കിലും സ്വപ്നത്തിൽ പോലും ഉണ്ടായിട്ടുണ്ടൊ?

ഈ യോഗ്യതാംശങ്ങളെല്ലാം നിത്യം കാലത്തു ഏഴുമണിതൊട്ടു ഏഴുനാഴിക രാച്ചെല്ലുന്നതുവരെ, ഒരുപക്ഷേ അവൎക്കു മറന്നെങ്കിലൊ

എന്നു ശങ്കിച്ച്, ഊഴം തെററിക്കാതെ ന്തൊറൊന്നുവട്ടം ഉരുക്കഴിച്ച്, അമ്മുക്കുട്ടിഅമ്മയെ അഞ്ജലികൂപ്പാൻ അടിഞ്ഞുകയറിയ കോരപ്പന്മാരുടെ എണ്ണം കുറച്ചെങ്ങാനുമാണോ! "ഏറിഃപ്പോണ കുരങ്ങന് ഒരേണി" എന്നു പറഞ്ഞപോലെ, ഈ സേവാകാഹളത്തിൻെറ ഫലമായി, "ഏനിക്കെന്തൊ കുറവ്, ഉം?" എന്ന് അവർ തന്നെത്താൻ ചോദിച്ചുതുടങ്ങിയതു സ്വാഭാവികമല്ലേ? മനുഷ്യഭാഷയിൽ മറുവടി പറയാൻ സാധിക്കാത്ത വായുമണ്ഡലത്തോട് ഈ ചോദ്യം എപ്പോഴും ചോദിച്ചുകൊണ്ടിരുന്നതിലായിരിക്കുമൊ അവരുടെ ദേഹം ചോദ്യചിഹ്നംപോലെ വക്രിച്ചതും?

അമ്മുക്കുട്ടിഅമ്മയ്ക്കു വയസ്സ് അയ്മ്പതിൽ കൂടില്ല. ഭത്താവു മരിച്ചിട്ടു നാലുകൊല്ലം തികയുന്നേ ഉള്ളു. അദ്ദേഹം ഇരിക്കുമ്പോൾകൂടി നന്നേ വേണ്ടപ്പെട്ട മൂന്നു നാലു ഇടങ്ങളിൽ ഒഴിച്ച് അവർ എവിടേയും പോയിരുന്നില്ല. പിന്നെ, ഇപ്പോഴത്തെ കഥ പറയണോ? കൊട്ടാരംപോലെ ഒരു വിട്; ഭൃത്യവർഗ്ഗങ്ങളെക്കൂടാതെ കൂട്ടിനു കനിഷ്ഠപുത്രിയായ ഒരു പെങ്കിടാവു മാത്രം; എന്നിരുന്നിട്ടും, അമ്മുക്കുട്ടി അമ്മയ്ക്കു ദിവസത്തിൽ ഇരുപത്തിനാലു മണിക്കൂറു പോരെന്നു പലപ്പോഴും തോന്നിയിരുന്നു. പെൻഷൻ പററിപ്പിരിഞ്ഞ പേഷ്ക്കാർസ്വാമിതൊട്ടു പാൽക്കാരൻ നാണുനായർവരെ ആ മാന്യമഹതിയുടെ പരിവാരങ്ങളായിരുന്നു. നാടോടി നടന്നു നേടിയ വർത്തമാനങ്ങളെല്ലാം അവരുടെ മുമ്പിൽ കാണിക്കവെച്ചു കാലിണപണിയുക എന്ന കൃത്യം ഈ കൂട്ടർ സ്വയമേവ അംഗീകരിച്ച ഒന്നായിരുന്നു. എന്നാൽ ചില ഭാഗ്യവാന്മാരോട്, അതും അപൂർവ്വം ചിലപ്പോൾ, "ആഹാ, അതുവ്വൊ!" എന്നുമാത്രം അവർ ഉരിയാടും. ഇതല്ലാതെ യാതൊരു സ്നേഹഭാവം പ്രദർശിപ്പിച്ചിരുന്നില്ല. ഇരുത്തത്തിൻേറയും മഹത്വത്തിൻേറയും ഉത്തമലക്ഷണം ഇതല്ലെങ്കിൽ പിന്നെ എന്താണ്?

അമ്മുക്കുട്ടി അമ്മയ്ക്കു രണ്ടു സുഖക്കേടാണ് ഉണ്ടായിരുന്നതു: അരോചകം, അസൂയ. അയൽവക്കത്തു ആക്കെങ്കിലും എന്തെങ്കിലും ഒരു ഗുണം വന്നു എന്നു കേട്ടാൽ മൂന്നു ദിവസത്തേക്ക് അരോചകം മാറി അതിസാരം അരംഭിക്കും. തനിക്കില്ലാത്ത ഒന്നു വേറൊരാൾക്ക് ഉണ്ടാവാൻപാടില്ല, എന്നുള്ള സദ്ബുദ്ധിയുടെ വിലാസങ്ങൾ പലവിധത്തിലല്ലേ? ഇതു് അതിലൊന്ന്, അത്രതന്നെ!

## II

സരോജം നല്ലൊരു ധാടിയുള്ള കുട്ടിയായിരുന്നു. ആ എടുപ്പും, നിറവും, മുടിയും ഒക്കെക്കൂടി ഒരിക്കൽ ആ രൂപം കണ്ടവർ അത്ര വേഗം മറക്കില്ലാ നിശ്ചയം. പക്ഷെ കാണാനുള്ള ഭാഗ്യം കണ്ടനുഭവിക്കാവുന്നവൎക്ക് ഉണ്ടായില്ല, എന്നുമാത്രം! "നിധികാക്കുന്ന ഭൂതം കണക്കൊ"ണ്

അമ്മ മകളെ പരിപാലിച്ചുപോന്നിരുന്നതു്: അമ്മയുടെ ആജ്ഞ കൂടാതെ വെളിച്ചത്തു വന്നുകൂട; സംസാരിക്കുന്നതിന്റെ ശബ്ദം രണ്ടു കോൽ അകലത്തിൽ അപ്പുറം കേൾക്കരുതു്; നാലു വാക്കിൽ കൂടുതൽ ആരോടും മിണ്ടിക്കൂട; തന്റെ വിലയും അമ്മയുടെ നിലയും, പരേതനായ പിതാവിന്റെ ഇവ രണ്ടും എപ്പോഴും ഓൎമ്മവേണം. ഈ തരത്തിലുള്ള മുദ്രാവാക്യങ്ങൾക്കു് അടിമപ്പെട്ടു് യന്ത്രജീവിതംപോലെ കണിശമായി ദിനചൎയ്യകൾ നടത്തിപ്പോന്ന ആ തരുണിമണിയിൽ എന്തോ ജഗന്നിയന്താവിന്റെ മായാപ്രഭാവത്താൽ—അതോ ആ സാധുവിന്റെ മുജ്ജന്മാൎജ്ജിതമായ ദുരിതസഞ്ചയത്തിന്റെ ഫലത്താലൊ!—സ്ത്രീത്വത്തിന്റെ ചില ശകലങ്ങൾ, രസികത്വത്തിന്റെ ചില ബീജങ്ങൾ വേരൂന്നിപ്പിടിച്ചു് ആരുമേതുമറിയാതെ മുററിത്തഴച്ചു വികസിച്ചു ഹൃദയാരാമത്തിൽ സൌരഭ്യധോരണി പരത്തി.

സരോജത്തിന്നു വയസ്സു പത്തൊമ്പതു നിലവിലായിട്ടു കൊല്ലം ഏഴായി. ഭൎത്താവുണ്ടാകുന്നതുവരെ അവിടുന്നു കേറില്ലാ എന്നു അമ്മുക്കുട്ടി അമ്മ ഉറച്ചിട്ടും ഉണ്ടായിരുന്നു. ഈ ഉണ്ടാവാൻപോകുന്ന ഭൎത്താവു് ഇന്നതരക്കാരനായിരിക്കേണമെന്നും അവർ തിട്ടപ്പെടുത്തിവെച്ചിരുന്നു. ആകൃതികൊണ്ടു തന്റെ പുത്രിക്കു യോജിച്ചിരിക്കണം; പണം ധാരാളം വേണം; ഒരു തമ്പുരാനൊ, ശീമബിരുദ്ധാരിയൊ ആയിരിക്കണം; തന്റെ ചൊല്പടിക്കു നില്ക്കണം; ഇങ്ങോട്ടാലോചിച്ചുവരണം. ഈ നിലക്കു സരോജം ഇരുന്നു് ഉണങ്ങിത്തുടങ്ങിയതിൽ എന്താണു് അത്ഭുതം? അഞ്ചെട്ടെണ്ണം ഇങ്ങോട്ടു വരായ്കയല്ല; പക്ഷെ അതിനൊക്കെ ഓരോ ന്യൂനത. പിന്നെ ചിലതു് ഏതാണ്ടു് എല്ലാം തികഞ്ഞതു് ആവശ്യപ്പെട്ടാൽ കിട്ടുമെന്നു ചിലരൊക്കെ പറഞ്ഞു. ഹും! അമ്മുക്കുട്ടി അമ്മ ആരെന്നേ നിരിച്ചേ? അങ്ങോട്ടു ഒരാണിനോടു ആലോചിച്ചു ചെല്ലുകയോ? ഉവ്വ്, എന്നിട്ടു നടന്നു! വക്കീലദ്ദേഹം തനിക്കു് ഇങ്ങോട്ടാലോചിച്ചുവരികയല്ലേ ഉണ്ടായതു്? കൃഷ്ണനുണ്ണിനായർ മൂത്തമകൾക്കും അങ്ങിനെയല്ലേ? സരോജത്തിനും അങ്ങിനെ വരുമോ എന്നൊന്നു നോക്കട്ടെ! തറവാട്ടുമാനം അത്രക്കു പണയപ്പെടുത്തേണ്ട കാലമായിട്ടില്ല! അവളവിടെ ഇരുന്നോട്ടെ; ദൈവം കടാക്ഷിച്ചു ഇവിടെ ധാരാളം തന്നിട്ടുണ്ടു്!

ഉവ്വ്, അമ്മുക്കുട്ടി അമ്മേ, ധാരാളവും അതിലധികവും തന്നിട്ടുണ്ടു്; പണത്തിനും പദവിക്കും പുറമെ പ്രായാനുയോജ്യങ്ങളായ വികാരങ്ങളും മോഹങ്ങളും കളിയാടുന്ന ഒരു സുകുമാരഹൃദയവും മകൾക്കു് സൎവ്വേശ്വരൻ കൊടുത്തിട്ടുണ്ടു്!

## III

സരോജത്തിന്റെ തരക്കാരും സഹപാഠികളായിരുന്നവരും ഒക്കെ ഭാര്യമാരായി, അമ്മമാരായി; ചിലരുടെ മക്കൾ അവളെ "വലിയമ്മ", "അമ്മായി", എന്നൊക്കെ വിളിക്കാനും തുടങ്ങി. വീട്ടിലെ വേലക്കാൎക്ക് "സരോജക്കൊച്ചമ്മ" പോയി "സരോജമ്മ"യായി. ഉരുണ്ടുയൎന്ന മാറിടം പതിഞ്ഞു പരന്നു. നെററിക്കിരുവശത്തും നരച്ച രോമങ്ങൾ സുലഭമായികണ്ടുതുടങ്ങി. തന്റെ പ്രതാപസൂൎയ്യന്റെ കിരണങ്ങളേററ കണ്ണു മഞ്ഞളിച്ചാണ് ഇരുന്നെങ്കിലും അമ്മുക്കുട്ടി അമ്മ ബാഹ്യങ്ങളായ ഈ പരിണാമങ്ങളെ കണ്ടു; പക്ഷെ കണ്ണുകൊണ്ട് കണ്ടു, അത്രതന്നെ. ഇവയോടൊപ്പംതന്നെ സരോജത്തിന്റെ ഹൃദയത്തിൽ—പണ്ടൊരുകാലത്തു് ലോലവും കോമളവും ആയിരുന്ന ആ അരുമഹൃദയത്തിൽ—ഉണ്ടായ ഗൂഢപരിണാമങ്ങളെ കാണ്മാനുള്ള കണ്ണു ദൈവം മനുഷ്യനുണ്ടോ കൊടുത്തിരിക്കുന്നു!

ഭൎത്തൃസുഖം അനുഭവിക്കാതെ, കാമുകലാളനം അറിയാതെ, യൌവ്വനദശയോട് യാത്രപറഞ്ഞു മദ്ധ്യവയസ്സിനോട് കുശലം ചോദിച്ചു തുടങ്ങുന്ന ജന്മാന്തരവിധവകളുടെ വരണ്ടുണങ്ങിയ കരളിൽ ഊറിക്കിടക്കുന്ന കാഞ്ഞിരസ്സത്തു് അളന്നവരുണ്ടോ! ഭാഗ്യവാനായ ഏതോ ഒരു യുവാവിന്റെ ആത്മാനന്ദത്തിനു് ജഗന്നിയന്താവാൽ വിനിൎമ്മിതമായ ദിവ്യാസവത്തെ കൎക്കശമായ ലോകം ഇപ്രകാരം രൂപാന്തരപ്പെടുത്തുന്നു. തൽഫലമായി ആ ഹൃദയം ലോകനിബന്ധനകളെ അൎക്കമാനം അവലംഘിച്ച് സ്വാതന്ത്ര്യമായ പന്ഥാവിലൂടെ യാനം ചെയ്യുന്നു. ഇതിൽ എന്താണ് അത്ഭുതം? ആരാണ് അപരാധി?

## IV

അന്നു് സരോജത്തിന്റെ പിറന്നാളായിരുന്നു. പക്ഷെ സദ്യയും ആഘോഷവും മററും വേണ്ടെന്നു് വെച്ചിട്ട് ഒരു പന്തിരാണ്ടായി. ഭൎത്താവുണ്ടായിട്ട് മതി, അതൊക്കെ, എന്നല്ലെ അമ്മയുടെ തീൎപ്പ്?

അമ്മുക്കുട്ടി അമ്മ പതിവുപോലെ ആറുമണിക്കെഴുന്നേററു; നോക്കിയപ്പോൾ മുറിയുടെ മറെറ അററത്തു കിടന്നിരുന്ന സരോജത്തിനെ കാണ്മാനില്ല. ചായ്പിൽ പോയിരിക്കും എന്നു കരുതി, അറയുടെ വാതിൽ തുറന്നു, തളത്തിൽ മേശപ്പുറത്തുനിന്നു "ബെഡ് ടി" എടുത്തു കുടിച്ചു; പിന്നേയും വന്നു കിടപ്പായി. കുറേനേരം കഴിഞ്ഞു; സരോജം ചായ്പിൽനിന്നു വരുന്നില്ല. "ഈ പെണ്ണെന്താ ഇത്ര നേരം" എന്നു പിറുപിറുത്തുകൊണ്ട് എഴുന്നേററു. ചായ്പിന്റെ ചാരിവെച്ചിരുന്ന വാതിൽ തള്ളിത്തുറന്നു * * * മേൽത്തട്ടിൽ ഉറപ്പിച്ചിരുന്ന വട്ടക്ക

ണ്ണിയിൽനിന്നു് ഒരുക്കോൽ നീളത്തിൽ ഒരു കയറും * * * അതിന്റെ തുമ്പത്തു് * * *

പോല്ലീസ്സ് നിയമമനുസരിച്ചു് "പോസ്റ്റ്മോർട്ടം" കൂടാതെ നിവൃത്തിയുണ്ടോ? നാലുമാസം ചെന്ന ഒരു ശിശുവും ഗർഭപാത്രത്തിൽ കിടന്നു ചരമമടഞ്ഞ വിവരം അപ്പോഴാണു മനസ്സിലായതു്.

* * * * * *

മാതൃസ്നേഹമേ! നിരർത്ഥപ്രതാപമേ! നിഷ്ഠുരദേവതേ!! ഇത്തരത്തിലുള്ള എത്രയെത്ര ഹൃദയതല്ലജങ്ങളെയാണു നിന്റെ സംതൃപ്തിക്കായിക്കൊണ്ടു കർമ്മഭൂമിയിൽ നിത്യം ബലികഴിക്കുന്നതു് !!

# ചിരി.

[ഇ. കെ. നാരായണപിള്ള]

ചിരി യഥാൎത്ഥത്തിൽ ഹൃദയാഹ്ലാദത്തിന്റെ വേലിയേററമാകുന്നു. ഏതൊരു വികാരവും സംയമനസീമയെ അതിശയിക്കുമ്പോൾ ബഹിൎഗ്ഗളിക്കുന്നതിനുള്ള മാൎഗ്ഗം തേടുന്നു. ഇതു് അനുഭവമെന്നപോലെ തന്നെ ആവശ്യവുമാണു്.

"കരകൾ കവിയുമാറായ് വെള്ളമേന്തും കുളത്തി-
ന്നൊരുവഴി പരിരക്ഷയ്ക്കോവു വയ്ക്കുന്നതല്ലോ"

എന്ന പ്രമാണം സന്താപത്തെ എന്നപോലെതന്നെ സന്തോഷത്തേയും സംബന്ധിക്കുന്നു. സന്താപമോക്ഷകവാടം നയനമാണു്. സന്തോഷവും ഹാസരൂപത്തിലല്ലാതെ നേത്രസലിലമായി ഉൽഗ്ഗളിക്കാറുണ്ടു്.

ചിരി ആഹ്ലാദത്തിന്റെ പരിമാണമനുസരിച്ചു സംജാതമാകുന്നു. അവസ്ഥാന്തരങ്ങളെ അപേക്ഷിച്ചു് അവസ്ഥാഭിധാനവും ചെയ്യാറുണ്ടു്. ശബ്ദസഹചാരിയായ ചിരിയും പുഞ്ചിരിയുമുണ്ടല്ലോ. കവികൾക്കു പുഞ്ചിരി ഒരു പൊതുസ്വത്താണു്. അവർ ഇതിനെ മന്ദസ്മിതമെന്നും സ്മേരമെന്നും മററും ഓമനിച്ചു വിളിക്കുന്നു. പുഞ്ചിരിയെ കവികൾ ഏതോ കാന്തിസമാനതകൊണ്ടു പൂനിലാവോടും പാലോടും ഉപമിക്കാറുണ്ടു്. ചിരിക്കു് അവർ ധാവള്യം കല്പിച്ചിട്ടുള്ളതു വെൺമുത്തുപോലുള്ള പല്ലുകളുടെ സഹകാലപ്രകടനംകൊണ്ടുതന്നെ ആയിരിക്കണം. എഴുത്തച്ഛന്റെ "ബന്ധുരദന്താംകുരസ്പഷ്ടഹാസാഭ" എന്ന ചേതോമോഹനമായ പ്രയോഗത്തിൽനിന്നുതന്നെ ഇതു് അനുമാനിക്കാവുന്നതാണു്. ദന്തവിഹീനരായ സ്ഥവിരന്മാരുടെ ചിരിക്കു വെണ്മ കല്പിക്കാറുണ്ടോ എന്നു നിശ്ചയമില്ല. പല്ലു കൃത്രിമവൎണ്ണമിയന്നിരിക്കുമ്പോൾ കവികൾ പ്രത്യക്ഷത്തെ മറിച്ചു വൎണ്ണിക്കാറില്ലെന്നുമാണു തോന്നുന്നതു്. "സഞ്ചിതതാംബൂലശോണിമാവാമൊരുപുഞ്ചിരി" ഈ വിശ്വാസത്തിനു താങ്ങലായും ലഭിച്ചിട്ടുണ്ടു്.

ചിരിയുടെ പ്രാഭവം നോക്കുകയാണെങ്കിൽ അതു സ്വാശ്രയപരമായിട്ടുള്ള ഒന്നല്ല. ചിരിക്കുന്നതിനും അതു കണ്ടു രസിക്കുന്നതിനും അന്യമായ ഒരു ഹേതുവും വ്യക്തിയും ആവശ്യമാണു്. അതല്ലാതുള്ളതു ഭ്രാന്തന്മാരുടെ ചിരിയാകുന്നു. സസ്മിതമന്ദഹാസം യോഷാനനങ്ങളിൽ സുന്ദരതരങ്ങളായ ചില രേഖകളെ ഉല്ലേഖനം ചെയ്യാറുണ്ടു്. ഇതു ഒരു കാമുകനിൽ ഉളവാക്കുന്ന വികാരം ഏതുതരത്തിലാണെന്നു പറയാൻ ശക്യമല്ല. കുലടകളുടെ മന്ദസ്മിതം മൎത്ത്യനെ ശലഭപ്രായനാക്കാറുണ്ടു്.

കുടിലമാനസരുടെ ചിരി കാകോളകതുല്യവുമാണ്. സ്തനപയസ്സിനേക്കാൾ കുട്ടികൾക്ക് അപരിത്യാജ്യമായ മാതാവിൻെറ ചിരിയെ William Cowper എങ്ങിനെ വാഴ്ത്തിയിരിക്കുന്നുവെന്നു നോക്കുക:

> "Those lips are thine thy own Sweet smile I see
> The same that oft in childhood Solaced me"

> ആനന്ദം മമ ശൈശവത്തിലഴൽതീർത്തെന്നും ജനിപ്പിച്ചിരു-
> ന്നാ നല്ലേറിയ പുഞ്ചിരിപ്പുതുമയും തങ്ങുന്നു വക്ത്രാംബുജേ

എന്നുള്ളതു് അതിൻെറ ഒരു ഏകദേശഭാഷാന്തരമാണ്.

കവികൾ ചിരി ഒരു പ്രത്യേകസൃഷ്ടിയിൽ മാത്രമല്ലാ കാണുന്നതു്. അവർ ലോകത്തെ ഒന്നായി വീക്ഷിക്കുന്നു. എല്ലാററിലും ഒരേ ശക്തിയുടെ ജ്യോതിസ്സു കാനുന്നു. പ്രഫുല്ലപുഷ്പങ്ങളിലും പ്രചണ്ഡഭാസ്സുനിലുമെന്നല്ലാ താരകോടികളിലും അവർ പുഞ്ചിരി കാണുന്നു. പാരാവാരത്തെ ഫേനപങ്ക്തിയാൽ അവർ പുഞ്ചിരി കൊള്ളിക്കുന്നു. ഇന്ദിന്ദിരങ്ങളുടെ സംകാരസംഗീതശ്രവണത്തിങ്കൽ വല്ലീനിരകൾ അകംകുളുത്തു് "പൂവിട്ടുത്തി ചിരിച്ചു" രസിക്കുന്നതും "ഇളംതളിർ തൊത്തുതുടന്നുന്നത്തം കണ്ടിട്ടു പൂപ്പുഞ്ചിരി" പൊഴിക്കുന്നതുമെല്ലാം കവികൾ നമ്മെ വിളിച്ചു കാണിക്കാറുണ്ടു്. "പൂവേയതിൽ പുതിയ പുഞ്ചിരി സഞ്ചരിച്ചു" എന്നു കീത്തനംചെയ്യ കവി പുഞ്ചിരിക്കു നൽകിയിട്ടുള്ള അത്ഥപുഷ്ടിയെ കാക്കുമ്പോൾ യഥാത്ഥത്തിൽ നമ്മളിൽ പുളകം ജനിക്കുന്നുണ്ടു്. താരുണ്യവേഗത്തിലുണ്ടാകുന്ന ഭാവഭേദങ്ങളെ പരിപൂണ്ണമായും ഹൃദയാവജ്ജകമായും ചിത്രണം ചെയ്യുന്നതിന് ഈ പുതിയ പുഞ്ചിരിപ്രയോഗംകൊണ്ടു കവിക്കു സാധിച്ചു.

ചിരിക്കുന്ന അവസ്ഥയിൽ കഥാപാത്രങ്ങൾക്ക് കവികൾ മനോധമ്മമനുസരിച്ചു ഭംഗിയും വൈരൂപ്യവും ഏകാറുണ്ടു്. ചില സൃഷ്ടികൾ വികാരസ്തോഭമെന്യേ സാധാരണനിലയിൽ അന്യരെ ചിരിപ്പിക്കുന്നതിനു ശക്തിയുള്ളവരായിരിക്കും. വായിൻെറ ദൈഘ്യത്തോടു സഹകരിച്ചിട്ടാണെങ്കിലും ചിലമ്പിനേഴത്തു മന്ത്രക്കാരൻെറ കണ്ണുകളെ എച്ചിലാക്കുന്നതിനു കാരണമാകുന്നതു് ചിരിയാണ്. ചില സഹജീവികൾ ഇതേതന്നെ പലപ്പോഴും അനുസ്മരിപ്പിക്കാറുമുണ്ടു്. വിക്ടർ യൂഗോവിൻെറ Laughing Man എന്ന ആഖ്യായികയിലെ പ്രധാനപാത്രമായ Gunplaine പ്രത്യക്ഷത്തിൽതന്നെ കാണികളിൽ ചിരി ഉളവാക്കത്തക്കവിധം വൈദഗ്ദ്ധ്യത്തോടെ സൃഷ്ടി ചെയ്യിട്ടുള്ളതാണ്. ഭഗ്ഗയായ കുഞ്ഞിപ്പെണ്ണിന്നനുരൂപനായൊരു സൃഷ്ടി കഷ്ടകാലംകൊണ്ടു് ഇവിടെ മാത്രമാണു കാണുന്നതു്.

ചിരി ഉളവാക്കുന്നതെല്ലാം മാനുഷികമായിരിക്കും. ഒരു ഫ്രഞ്ച ഗ്രന്ഥകാരനായ ഹെൻഡ്രി ബെർഗ്സൻ എന്ന കൃതിയിൽ ഇപ്രകാരം പറയുന്നു: "പ്രകൃതി രമണീയമായൊരു ഭൂഭാഗം നമ്മളിൽ അത്യാനന്ദത്തെ ജനിപ്പിക്കുന്നുവെങ്കിലും, ചിരി ഉളവാക്കുന്നുവെങ്കിൽ മനുഷ്യസാധാരണമായ ചപലതകളെ അനുസ്മരിപ്പിക്കുന്ന പ്രകൃതം നിശ്ചയമായും അതിൽ കാണും. ഒരു വേഷവിധാനം നമ്മുടെ ചിരിക്കു് കാരണമാകുമെങ്കിൽ അതു മനുഷ്യൻ കൃത്രിമമായി അതിനു നൽകിയിട്ടുള്ള ആകൃതിയുടെ വിശേഷവിധികൊണ്ടു് തന്നെയാണു്; അതല്ലാതെ അസംകൃത പദാൎത്ഥങ്ങൾ അതങ്ങിനെതന്നെ നമ്മെ ചിരിപ്പിക്കുന്നതിനു കാരണമാകുന്നില്ല:"

"Laugh, laugh and grow fat" എന്ന ചൊല്ലു് അനുസരിച്ചു നമ്മളിൽ പലരും ജംഗമശൈലങ്ങളാകേണ്ട കാലം അതിക്രമിച്ചു കഴിഞ്ഞിരിക്കുന്നു. ജീവിതക്ലേശങ്ങളെ വിസ്മരിച്ചും സ്മിരോന്മേഷരായിരിക്കേണ്ട അത്യാവശ്യകതയെ ആണു് ഇതുകൊണ്ടു നിർദ്ദേശിച്ചിരിക്കുന്നതു്. പ്രകൃത്യാതന്നെ സന്തോഷശീലരും സന്താപശീലരുമായ രണ്ടുകൂട്ടരുടേയും ജീവിതരീതിയെ പ്രതിപാദിക്കുന്ന മിൽറ്റൺെറ L Allegro Il Penseroso എന്നീ ഖണ്ഡകാവ്യങ്ങൾ താരതമ്യേന ആഹ്ലാദശീലത്തിൻെറ ആശാസ്യത വിശദമാക്കുന്നുണ്ടു്.

മനുഷ്യർ ചിലപ്പോൾ പൈശാചികമായി ചിരിക്കാറുണ്ടു്. സാധാരണമായി ഒരാൾ ഉരുണ്ടുവീഴുന്നതുകണ്ടാൽ നാം ചിരിച്ചുപോകുന്നു. ഇതു പ്രകൃതിയുടെ വക്ഷസ്സിങ്കൽ സാനന്ദം ക്രീഡിക്കുന്ന 'മൊഴിയാപ്രാണികളെ"മൃഗയാവിനോദമെന്ന പേരിൽ നിലംപതിപ്പിച്ചു് അവയുടെ കണ്ഠച്യുത നിണത്താൽ പങ്കിലമായ ശഷ്പനീരാളങ്ങളാൽ വനദേവതക്കു് "കാശ്മീരപങ്കം ചിതറിന ശുകവൎണ്ണപ്പോർമുലക്കച്ച" ചാൎത്തുന്ന മനുഷ്യാധമന്മാരുടെ ചിരിയെ അപേക്ഷിച്ചു നിസ്സാരമാണു്. ഷേക്‌സ്പിയരുടെ Merchant of Venice ലെ Cauncelor Gobbo പ്രേക്ഷകരെ പൈശാചികമായി ചിരിപ്പിക്കുന്നു. വാൎദ്ധക്യവശാൽ കാഴ്ചശക്തി പൂൎണ്ണമായും നഷ്ടമായ പിതാവിനെ തെരുവീഥിയിലിട്ടു കബളിപ്പിക്കുന്നതു് ഒരു ആനന്ദദായകമായ കാഴ്ചയാകുമോ? പുത്രനെ അന്വേഷിച്ചു് അയാളുടെ സ്വാമിഗൃഹത്തിലേക്കു പുറപ്പെടുന്ന Guncelotനോടു തന്നെ ആളറിയാതെ പുത്രൻെറ വൃത്താന്തങ്ങളെപ്പററി ആൎത്തിയോടെ ചോദിക്കുമ്പോൾ പുത്രൻ പിതാവിനെ വഴിതെററിക്കാൻ ശ്രമിക്കുന്നു. പിന്നീടു് 'അദ്ദേഹമിദ്ദേഹമോക്കട്ടോ' എന്നു വിളിച്ചു പിതാവിൻെറ മുന്നിൽ നിലകൊള്ളുന്നുവെങ്കിലും പുത്രസ്പൎശനസുഖം അനുഭവിക്കാൻ ആൎത്തിയോടെ നീട്ടുന്ന പിതാവിൻെറ ഹസ്തതലങ്ങളിൽ Guncelot

കുനിഞ്ഞു തന്റെ ശിരസ്സിന്റെ പിൻഭാഗത്തെയാണ് സമർപ്പിക്കുന്നതു്. മീശാനിബിഡമായ വദനം തന്റെ പുത്രന്റേതല്ലെന്നു പറഞ്ഞ് ആ പിതാവു കുണ്ഠിതപ്പെടുന്നു. എന്നാൽ നടനവേളയിൽ പ്രസ്തുതരംഗം പൈശാചികത്വത്തിന്റെ നഗ്നത വെളിപ്പെടുത്തുന്നില്ല; വെറും ബാഹ്യ വിനോദരസസിന്ധുവിൽ സദസ്യർ നിലീനമാകുന്നതേയുള്ളു, എന്നിങ്ങനെ പറഞ്ഞു സാഹിത്യപ്രണയികൾ ഇതേ സാധൂകരിക്കാറുമുണ്ടു്.

വിനോദരസം തുളുമ്പുന്ന സാഹിത്യം നമ്മളിൽ ചിരിയുളവാക്കുന്നു. പരിഹാസരസപ്രധാനങ്ങളായ വിനോദഗ്രന്ഥങ്ങൾ പക്ഷെ ചിലർക്കു കൂരമ്പുകളായും ഭവിച്ചേക്കാം. "ചക്കീചങ്കരം" 'പറങ്ങോടീപരിണയം' മുതലായ കൃതികൾ ഓരോ വർഗ്ഗത്തെയാണ് വേദനിപ്പിക്കുന്നതു്.

നാട്യസാഹിത്യത്തെ അടിസ്ഥാനമാക്കി സാഹിത്യപടുക്കൾ ചിരിയെ പ്രധാനമായി വ്യർത്ഥഹാസമെന്നും (vain laughter) ബുദ്ധിപൂർവ്വകഹാസമെന്നും (intellectual laughter) രണ്ടായി വിഭജിച്ചിരിക്കുന്നു. ശുഭപര്യവസായിയായ നാട്യസാഹിത്യത്തെ എന്നും എന്നും വിഭജിച്ച് അവയുടെ ഗുണലക്ഷണങ്ങളായി മേൽപറഞ്ഞ രണ്ടുതരം ചിരിയേയും വിധിച്ചിട്ടുള്ളതാണ്. ഉഭയരീതിയിലും ചിരി ഉളവാക്കുന്ന ഒരു സൃഷ്ടി ഷേക്സ്പിയരുടെ സങ്കല്പസന്താനങ്ങളിൽവച്ച ഗണ്യനും വിനോദദായകാഗ്രേസരനുമായ falstaff ആണ്. അത്ഭുതസൃഷ്ടിയോടു് ഏകദേശം സാമ്യം അർഹിക്കുന്ന ഒരു പാത്രമായി Don Quixote നെ ചിലർ ഗണിക്കാറുണ്ടു്. എന്നാൽ ആ തന്നിത്തങ്കത്തോടു് കിടപിടിക്കുന്ന ഒരു സൃഷ്ടി ആംഗ്ലേയസാഹിത്യത്തിൽ ഉണ്ടായിട്ടില്ല.

# കൺഫ്യൂഷ്യസ്

[പി. സുഭദ്ര അമ്മ.]

ധർമ്മപ്രചാരകന്മാരായ ലോകാചാര്യന്മാരിൽ അപ്രധാനമല്ലാത്ത ഒരു സ്ഥാനം അർഹിക്കുന്ന കൺഫ്യൂഷ്യസ്സ് അഭിവന്ദ്യനായ ഗൗതമബുദ്ധനെപ്പോലെതന്നെ സമാധാനത്തിന്റെയും ആദ്ധ്യാത്മികജ്ഞാനത്തിന്റെയും സന്ദേശമാണു ജന്മദേശത്തു പ്രചരിപ്പിച്ചതു്. ആദ്ധ്യാത്മികതത്വങ്ങളേക്കാൾ സാന്മാർഗ്ഗികമായ അഭ്യുന്നതിക്കുള്ള മാർഗ്ഗങ്ങളെക്കുറിച്ചായിരുന്നു അദ്ദേഹത്തിന്റെ മിക്ക പ്രസംഗങ്ങളും. മതരഹിതമായ ഒരു സദാചാരപദ്ധതിയുടെ സംസ്ഥാപകനായിരുന്നു അദ്ദേഹമെന്നു പറയാറുണ്ടു്.

ഏകദേശം 2500 വർഷങ്ങൾക്കുമുമ്പു ചൈനയിൽ ലൂമാരാജ്യത്തിൽ ഒരു കുഗ്രാമത്തിലാണു് ആ മഹാപുരുഷൻ ജനിച്ചതു്. ശൂരനായ യോദ്ധാവായിരുന്നു അദ്ദേഹത്തിന്റെ പിതാവു്. ശൈശവത്തിൽതന്നെ അദ്ദേഹം അമ്മയില്ലാത്ത ഒരു കുട്ടിയായിത്തീർന്നതിനാൽ ലോകജീവിതത്തിൽ സാധാരണമായ ദുഃഖത്തിന്റെ തീവ്രത അനുഭവിക്കാൻ തുടങ്ങി. ചെറുപ്പത്തിൽതന്നെ ജ്ഞാനം സമ്പാദിക്കുവാൻ പ്രേരണ ജനിക്കുന്നതിനു് അതൊരു പ്രധാനകാരണമായിരുന്നിരിക്കണം. ആ ആചാര്യൻ തന്നെ പറഞ്ഞിരിക്കുന്നു: "പതിനഞ്ചാമത്തെ വയസ്സിൽ ഞാൻ ജ്ഞാനസമ്പാദനത്തിനു സമുദ്യുക്തനായി, മുപ്പതാമത്തെ വയസ്സിൽ എന്റെ അനുഭവങ്ങളിലും അഭിപ്രായങ്ങളിലും എനിക്കു വിശ്വാസം ജനിച്ചു"

ഭാരതീയസന്യാസിമാരെപ്പോലെ ലൗകികജീവിതം തുച്ഛമായിട്ടു് അദ്ദേഹം ഗണിച്ചിരുന്നില്ല. യഥാകാലം ഗൃഹസ്ഥാധർമ്മം സ്വീകരിച്ച ആ വന്ദ്യനേതാവിനു് ഒരു പുത്രനും രണ്ടു പുത്രിമാരും ഉണ്ടായിരുന്നു; എങ്കിലും കേവലം ലോകസുഖങ്ങളിൽ നിമഗ്നനായി ധർമ്മാധർമ്മചിന്തകൂടാതേയോ, ആദ്ധ്യാത്മികമായ ആദർശത്തെ സ്വീകരിക്കാതേയോ ആയിരുന്നില്ല അദ്ദേഹത്തിന്റെ ജീവിതം. ഇരുപത്തിരണ്ടാമത്തെ വയസ്സിൽ കൺഫ്യൂഷ്യസ് ജ്ഞാനത്തിന്റെ ദിവ്യമായ പ്രകാശം പ്രസരിപ്പിക്കുന്നതിനു് അദ്ധ്യാപകവൃത്തി സ്വീകരിച്ചു. മുപ്പതാമത്തെ വയസ്സിൽ ചങ്ങ്ടു (Chung-tu) എന്ന നഗരത്തിന്റെ ഭരണകർത്താവായിട്ടാണു് അദ്ദേഹം പിന്നെ പ്രശോഭിച്ചതു്. അദ്ദേഹത്തിന്റെ പരിഷ്കാരോന്മുഖമായ ശക്തി ആ നഗരത്തെ ഉടൻതന്നെ അനുഗ്രഹിക്കുവാൻ തുടങ്ങി.

അസാധാരണമായ ബുദ്ധിസാമർത്ഥ്യവും ഭരണപാടവവും ജനക്ഷേമതൽപരതയും കൊണ്ടു് അദ്ദേഹം ഭരണീയരുടേയും ഭരണകർത്താക്കളുടേയും സ്നേഹത്തിനു പാത്രമായിത്തീർന്നതിനാൽ ജന്മദേശത്തെ സചിവ

സ്ഥാനംതന്നെ ആ മഹാന്നു് അചിരേണ അധീനമായി. രാജകുഡുംബത്തിൻെറ ശക്തി വദ്ധിപ്പിച്ചു. രാജഭക്തിയും ദൈവവിശ്വാസവും ജനാവലിയിൽ പ്രബലമാക്കി. ചാരിത്രശുദ്ധിയെ സ്ത്രീകളുടെ ആരാധനാദേവതയാക്കി. എന്തിനധികം! കൺഫ്യൂഷ്യസ് ജനങ്ങളുടെ നിത്യാരാധനത്തിനു പാത്രമായിത്തീൎന്നു.

ഉദ്ദേശശുദ്ധിയോടും ഉൽകൃഷ്ടാദൎശത്തോടും കൂടി ജീവിക്കുന്ന മഹാപുരുഷന്മാരുടെ നേരെ അസ്ഥമായ അധികാരശക്തി കൃതഘ്നത കാണിച്ചിട്ടുള്ള സന്ദൎഭങ്ങൾ ലോകചരിത്രത്തിൽ സുലഭമാണല്ലോ. ലൂമാരാജ്യത്തിൻെറ സൎവ്വതോമുഖമായ അഭിവൃദ്ധി ഇതരരാജ്യങ്ങളുടെ അസൂയയെ ഇളക്കി വിട്ടു. തൽഫലമായിട്ടാണെന്നുതോന്നുന്നു ബി. സി 497-ൽ കൺഫ്യൂഷ്യസ് സ്വരാജ്യം ഉപേക്ഷിച്ചു പോകുവാൻ നിൎബ്ബദ്ധനായതു്. അനന്തരം പന്ത്രണ്ടു വൎഷത്തേക്കു് അദ്ദേഹം പ്രത്യാഗമിക്കുകയുണ്ടായില്ല. ആ മഹാത്മാവിൻെറ ജീവിതത്തിൽ താൽക്കാലികമായി സംഭവിച്ച ഈ സ്ഥാനഭ്രംശം അദ്ദേഹത്തിനും ലോകത്തിനും ഒരു അനുഗ്രഹമായിട്ടാണു പരിണമിച്ചതു്. ദുൎഭരമായ ഭരണഭാരത്തിൽ പങ്കില്ലാതായപ്പോൾ സ്വതന്ത്രനായിത്തീൎന്ന ആ ജ്ഞാനസമ്പന്നന്നു് അനേകം രാജ്യങ്ങൾ സന്ദൎശിക്കുന്നതിനും, ധാൎമ്മികമായ തത്വങ്ങൾ പ്രസംഗിക്കുന്നതിനും അനേകശതം ഉത്തമശിഷ്യന്മാരെ സമ്പാദിക്കുന്നതിനും, സന്ദൎഭം ലഭിച്ചു ജീവിതത്തിൻെറ ചരമഘട്ടത്തിൽ സ്വദേശത്തേക്കുതന്നെ മടങ്ങിച്ചെല്ലുവാൻ സാധിച്ചുവെങ്കിലും വീണ്ടും ഉദ്യോഗം സ്വീകരിക്കുന്നതിനല്ലാ, സൈ്വരവും ശാന്തവുമായി ജീവിക്കുന്നതിനും, സാഹിത്യപരങ്ങളായ സമാരംഭങ്ങൾ പരിപൂൎണ്ണമാക്കുന്നതിനും, ശിഷ്യന്മാൎക്കു തത്വോപദേശം ചെയ്യുന്നതിനും ആണു് അദ്ദേഹം സന്നദ്ധനായതു്.

B. C. 479-ൽ ആ അനുഗൃഹീത പുരുഷൻ പരലോകം പ്രാപിച്ചു. വാത്സല്യപാത്രമായിരുന്ന യെൻ (Yen Huwin) എന്ന ശിഷ്യപ്രധാനൻെറ മരണം നിമിത്തമുണ്ടായ ദുഃഖത്താൽ, ജരാക്രാന്തനായിരുന്ന ആ ആചാര്യന്റെ മനസ്സും ദുൎബ്ബലമായിത്തീൎന്നതിനാലാണത്രെ പെട്ടെന്നു മരണം നേരിട്ടതു്. ഒരു ദിവസം പ്രഭാതത്തിൽ, ആസന്നമായ ദേഹവിയോഗത്തിനു ശാന്തനായി സന്നദ്ധനാകുന്നതുപോലെ, മന്ദമന്ദം വസതിയിൽ ലാത്തിക്കൊണ്ടു ആ ജ്ഞാനി ഇങ്ങനെ പറയുകയുണ്ടായി: "മഹാഗിരി പൊടിയണം! പ്രബലമായ സൂൎയ്യരശ്മിയും അടരണം! പ്രാജ്ഞനായ മനുഷ്യനും കേവലം ഒരു ചെടിയെപ്പോലെ ജീൎണ്ണിക്കണം." പിന്നെയും ഒരാഴ്ചകഴിഞ്ഞു; മഹനീയമായ ആ ജീവിതകുഡുംബം ലോകത്തിൻെറ ചില്ലയിൽ നിന്നുകൊഴിഞ്ഞു. ജീവിതകാലത്തു വലിയ യശസ്സു സമ്പാദിക്കുവാൻ സാധിച്ചില്ലെങ്കിലും മരണശേഷം അദ്ദേ

ഹത്തിൻെറ നാമധേയം പവിത്രമാക്കാത്ത ശ്രവണം ലോകത്തിൽ ഇല്ലെന്നായി. "പൗരസ്ത്യദേശത്തിലെ മഹൎഷി" ഇങ്ങനെയാണ പാശ്ചാത്യർ അദ്ദേഹത്തെ പ്രശംസിച്ചിരിക്കുന്നതു്. ഒരു അമാനുഷനായിരുന്നു താൻ എന്നു കൺഫ്യൂഷ്യസ് ഭാവിച്ചിരുന്നില്ല; എങ്കിലും പരിപൂൎണ്ണതയ്ക്കുള്ള മാൎഗ്ഗം ആ ആചാര്യന്നു് അറിയാമായിരുന്നു. ക്ഷേമത്തോടും പ്രേമത്തോടും കൂടി പ്രജകളെ ഭരിക്കേണ്ടുന്ന ഒരു രാജാവിന്നു മാൎഗ്ഗദൎശനം ചെയ്യുവാൻ അദ്ദേഹം അസമൎത്ഥനായിരുന്നില്ല. സത്യനിഷ്ഠ, രാജഭക്തി, സാന്മാൎഗ്ഗികസിദ്ധാന്തങ്ങൾ, സാഹിത്യം ഇവയാണു് അദ്ദേഹം അന്തേവാസികളെ പ്രധാനമായി ഗ്രഹിപ്പിച്ചിരുന്നതു്. യുദ്ധം, രോഗം, ഉപവാസം മൂന്നുംകൂടാതെ കഴിക്കുവാനായിരുന്നു കൺഫ്യൂഷ്യസിൻെറ നിൎവ്വ്യാജമായ ആഗ്രഹം. ആ മഹാപുരുഷൻെറ ചില സൂക്തികൾ പ്രസിദ്ധങ്ങളാണു്. "സാവധാനനായിരിക്കുക; എന്നാൽ അബദ്ധം പററുകയില്ല."

"ചിന്തകൊണ്ടു പാകപ്പെടുത്തുന്നില്ലെങ്കിൽ ജ്ഞാനസമ്പാദനം കൂലിയില്ലാത്ത വേലയാണു്; വിദ്യാഭ്യാസത്തിൻെറ സഹായമില്ലെങ്കിൽ ചിന്താശക്തി ആപൽക്കരമാകുന്നു."

"മുഖസ്തുതി പരിചയിക്കാത്ത ദരിദ്രനും, ദുരഭിമാനമില്ലാത്ത ധനികനും നല്ലവരാണു്; എന്നാൽ സദാ സന്തുഷ്ടനായിരിക്കുന്ന ദരിദ്രനോടോ, സദാചാരതല്പരനായ ധനികനോടോ തുല്യമായ സ്ഥാനം അവൎക്കില്ല."

# ഭാരതീയപരിഷ്കാരത്തിൻെറ ഉത്ഭവം.

[ആർ. വി.]

നായകൻെറ കറുത്തിരുണ്ട തലമുടി ഒരു രാത്രികൊണ്ടു നരച്ചുപോയതായി കഥാകാരന്മാർ ചിലപ്പോൾ വൎണ്ണിച്ചുകാണാറുണ്ടു്. അതു സംഭാവ്യമോ, എന്തോ. ഒരുദിവസംകൊണ്ടു ഭാരതത്തിനു രണ്ടായിരം വയസ്സു കൂടി! അതു് അത്ഭുതമായിത്തോന്നാം; എന്നാലും വാസ്തവമാണു്. പ്രായംനിമിത്തം പണ്ടും പാശ്ചാത്യന്മാൎക്കു് ആൎഷസംസ്കാരം ആദരാൎഹമാണെന്നു തോന്നിയിരുന്നു; ഇപ്പോൾ പ്രായാധിക്യം നിമിത്തം അതു് ആരാദ്ധ്യവുമായിത്തീൎന്നു. പത്തു സംവത്സരങ്ങൾക്കു മുൻപാണു് അത്ഭുതകരമായ ആ സംഭവമുണ്ടായതു്. ഒരു പുരാതനവസ്തുഗവേഷകൻ, സിന്ധുദേശത്തിലെ വിശാലമായ ഒരു മൈതാനത്തിൻെറ ഒരു ഭാഗത്തു് കുന്നിൻെറ ചെരുവിലായി സ്ഥിതിചെയ്യുന്ന ഒരു ബുദ്ധദേവാലയം പരിശോധിക്കുകയായിരുന്നു. ക്രിസ്ത്വബ്ദം രണ്ടാംശതാബ്ദത്തോളം മാത്രം പഴക്കമുള്ള ആ വിഹാരം ഒരുതരത്തിലും ആകൎഷകമായിരുന്നില്ല. ജിജ്ഞാസുവായ ആ മാന്യൻെറ ദൃഷ്ടികൾ ചവറുകൾ അടിഞ്ഞുകിടന്നിരുന്ന ഒരു കുമ്പാരത്തിന്മേൽ പതിഞ്ഞു. കണ്ടതു് ഒരു ചെറിയ മുദ്ര(Seal)യായിരുന്നു. ക്രിസ്തുവിനു് അനേകായിരം വൎഷങ്ങൾക്കു മുൻപുള്ളവയെന്നു സ്ഥാപിച്ചുകഴിഞ്ഞിരിക്കുന്ന, മെസൊപ്പൊട്ടാമ്യയിലേയും പേൎഷ്യയിലേയും ചില മുദ്രകളെ അതു് അനുസ്മരിപ്പിച്ചു. ഇന്ത്യയിൽ ഇദംപ്രഥമമായിട്ടായിരുന്നു അങ്ങനെയൊന്നു കണ്ടെത്തിയതു്. കേവലം നിസ്സാരമെന്നു തോന്നിക്കുന്ന ആ മുദ്രയിൽ ഒരു വലിയ ചരിത്രം ഒളിഞ്ഞുകിടക്കുന്നുണ്ടായിരുന്നു. ഒരു നിമിഷംകൊണ്ടു ഭാരതീയപരിഷ്കാരത്തിൻെറ ഉത്ഭവസ്ഥാനത്തെ മറച്ചിരുന്ന തിരശ്ശീല നീങ്ങി; ഉത്ഭവം 2000 വൎഷത്തോളം വീണ്ടും പുറകോട്ടുപോയി. ഇന്നു മെസൊപ്പൊട്ടാമ്യയുടേയും ഈജിപ്തിൻേറയും അണിയിലാണു് ആൎഷപരിഷ്കാരം പരിലസിക്കുന്നതു്.

ഈ ആകസ്മികസംഭവത്തെത്തുടൎന്നു് സർ ജോൺ മാർഷലിൻെറ നേതൃത്വത്തിലും മിസ്റ്റർ എണസ്റ്റ് മക്കെയുടെ സാഹായ്യത്തിലും സിന്ധുതാഴ്വരയിൽ, 'മഹേഞ്ജദാരോ' എന്ന സ്ഥലത്തും പഞ്ചാബിൽ 'ഹരപ്പാ' എന്ന സ്ഥലത്തും ഭൂഗൎഭഗവേഷണങ്ങൾ സമാരംഭിച്ചിട്ടുണ്ടു്. ഫലപുഷ്ടി കുറഞ്ഞ ഈ പ്രദേശങ്ങളിൽ പ്രാകൃതന്മാരായ ഒരുതരം അധഃകൃതവൎഗ്ഗക്കാരാണു് നിവസിക്കുന്നതു്. മദ്ധ്യാഹ്നത്തിലെ അത്യുഷ്ണത്തിൽ മരുഭൂമിയിലെ വരണ്ട മണൽവിരിപ്പിനുമീതെ മൃഗതൃഷ്ണ ഓളംവെട്ടുന്നതു

കാണാം. അയ്യായിരം സംവത്സരങ്ങൾക്കു മുൻപു സമശീൎഷോഷ്ണമായ ഒരു കാലാവസ്ഥയ്ക്കു കീഴിൽ മഹനീയമായ ഒരു നാഗരികപരിഷ്ക്കാരം ഇവിടെ പരിലസിച്ചിരുന്നുവെന്ന് ആരെങ്കിലും വിശ്വസിച്ചിരുന്നുവോ.

ഇന്നത്തെ (Rectaugular Blocks) ആയിട്ടാണ് ആ മഹാനഗരത്തിലെ കെട്ടിടങ്ങൾ പണിചെയ്യിരുന്നതു്. ശുചീകരണരീതി ഇന്ത്യയിലെ മുഖ്യനഗരങ്ങളിൽ ഇന്നു നടപ്പുള്ള പദ്ധതിയോടു സാദൃശ്യം വഹിക്കുന്നതായിരുന്നു. സാഹസപ്രിയന്മാരായ നാവികന്മാരും സമൎത്ഥന്മാരായ കലാകാരന്മാരും അവിടെയുണ്ടായിരുന്നുവെന്നതിനു ലക്ഷ്യങ്ങളുണ്ടു്.

അമ്പതു ശതാബ്ദങ്ങളായി അടിഞ്ഞുകൂടിയ മണ്ണ് ഇനിയും നീക്കം ചെയ്തുകഴിഞ്ഞിട്ടില്ല. അനേകം തൊഴിലാളികൾ ഇന്നും അതിന്നായി പ്രയത്നിച്ചുവരുന്നു. ഭാവനയ്ക്കു വേണ്ടത്ര ഭക്ഷണം ഇപ്പോൾതന്നെ ലഭിച്ചു കഴിഞ്ഞിട്ടുണ്ടു്. 'മഹാഞ്ചൊദാരോ'വിലെ നീണ്ടുനിവൎന്ന തെരുവുകളെ ഒരിക്കലും "പ്രേതസങ്കേത"മെന്നു (ആ പദത്തിൻെറ അൎത്ഥം അതാണു്) വിളിക്കുവാൻ പാടില്ല. ചൂളയ്ക്കുവെച്ച ഇഷ്ടികകൾ വൃത്തിയായി വിരിച്ച വിശാലമായ വീഥികളിൽക്കൂടെയാണു നഗരത്തിലേയ്ക്കു ചെല്ലുക. വീഥികളുടെ ഇരുപാൎശ്വങ്ങളിലും, ഒരേമാതൃകയിൽ പണിചെയ്ത ഇരുനിലമാളികകളുടെ കനത്ത ഭിത്തികളാണു്.

തെരുവിൻെറ മദ്ധ്യത്തിൽ അടിയിലായിട്ടാണു കാന ഒഴുകുന്നതു്. എളുപ്പത്തിൽ ശുചിയാക്കുന്നതിന്നു് അടുത്തടുത്തായി അതിലേയ്ക്കു ചതുരാകൃതിയിലുള്ള ദ്വാരങ്ങൾ ഉണ്ടാക്കിയിട്ടുണ്ടു്. മരങ്ങളെല്ലാം ദ്രവിച്ചുപോയിരിക്കുന്നുവെങ്കിലും ഭവനങ്ങൾക്കു വലിയ നാശമൊന്നും സംഭവിച്ചിട്ടില്ല. പുറമുററത്തിനു ചുററും രണ്ടുനിലയായി ഒരേമാതൃകയിൽ പണിചെയ്തിരിക്കുന്ന ഗൃഹങ്ങളുടെ മുകളിലെ നിലയിലാണു കുടുംബങ്ങൾ താമസിച്ചിരുന്നതു്. താഴെ മിക്കവയും വ്യാപാരസ്ഥലങ്ങളായിരുന്നു. ഓരോ വീടിന്നും പ്രത്യേകം പ്രത്യേകം കുളിമുറിയുണ്ടു്. ചിലതിൽ കൈയാലകളും കാണുന്നു. ഭിത്തികളിൽ ഉറപ്പിച്ചിരിക്കുന്ന മൺകുഴലുകളിൽക്കൂടെയാണു ഗൃഹങ്ങളിലെ മലമൂത്രവിസൎജ്ജിതങ്ങൾ തെരുവിൻെറ മദ്ധ്യത്തിൽ അടിയിൽകിടക്കുന്ന കാനയിലേയ്ക്കു് ഒലിച്ചുപോകുന്നതു്. അടുത്തടുത്തായി അനേകം കിണറുകളുണ്ടു്. അവയുടെ ഇഷ്ടികവിരിച്ച കോട്ട തളങ്ങളിൽ പാത്രങ്ങളുടേയും തണ്ടുകളിന്മേൽ കയറിൻെറയും പാടുകൾ കാണുന്നു. താഴത്തെ നിലയിലുള്ള കെട്ടിടങ്ങളിൽ ഒന്നിന്നു് ഒരു മദ്യവ്യാപാരത്തിൻെറ മട്ടുണ്ടു്; മറെറാന്നുകണ്ടാൽ ഒരു ചായപ്പണിക്കാരൻെറ പ്രവൃത്തിശാലയാണെന്നു തോന്നും. ഒന്നിൽ മദ്യഭാജനങ്ങളുടേയും മറേറതിൽ ചായപ്പാത്രങ്ങളുടേയും അവശേഷങ്ങൾ കാണുമാറുണ്ടു്.

വിശാലമായ ഒരു ജലാശയമാണു മഹേഞ്ചൊദാരോവിലെ കൗതു

കകരമായ ഒരു കാൎയ്യം. സിമെൻറും ഇഷ്ടികയും ഉപയോഗിച്ചു നിൎമ്മിച്ചിട്ടുള്ള ഈ കുളം തച്ചുശാസ്ത്രത്തിലെ ഒരത്ഭുതമാകുന്നു. ഒരാൾക്കുമാത്രം നിന്നു സ്നാനം ചെയ്യാവുന്ന ചെറിയ മുറികളാണു ചുറ്റും പണിചെയ്തിരിക്കുന്നതു്. ഒരു മുറിയിൽനിന്നു കുളിക്കുന്ന ആൾക്കു മററുള്ളവർ കുളിക്കുന്നതു കാണുവാൻ സാധിക്കയില്ല. ഒരുപക്ഷേ, ഇന്ത്യയിലെ പുണ്യനദികളെപ്പോലെ ഇതും പാപങ്ങൾ കഴുകിക്കളയുന്നതിനുള്ള തീൎത്ഥമായിരുന്നിരിക്കാം. ഇന്ത്യയിൽ പുണ്യമല്ലാത്തതു് എന്താണെന്നാണു സംശയം. ഈ കടവുകൾ വല്ല ജ്ഞാനസ്നാനത്തിനും ഉപയോഗിച്ചിരുന്നതുമാവാം. ഇവിടത്തെ പുരാതനനിവാസികൾക്കു ശുചീകരണത്തിൽ വലിയ നിഷ്ഠയുള്ളതുപോലെ തോന്നുന്നു. ദിവസത്തിലൊരിക്കൽ (രാത്രി) കുളത്തിലെ മലിനജലത്തെ വാൎത്തുകളഞ്ഞു ശുദ്ധജലം നിറയ്ക്കുന്നതിനുള്ള ചാലുകളും ഉറവുകളും അതിന്നടിയിൽത്തന്നെയുണ്ടു്. ഒരാൾക്കു നിവൎന്നുനിൽക്കത്തക്കവണ്ണം അത്ര വ്യാസമുള്ള കുഴലിൽക്കൂടിയാണു വെള്ളത്തെ പുറത്തേയ്ക്കു ഒഴുക്കിക്കളയുന്നതു്.

നഗരനിൎമ്മാണാസൂത്രണവും നാഗരികസൌകൎയ്യങ്ങളും മനസ്സിലാക്കി പ്രവൎത്തിക്കുവാൻ സന്നദ്ധമായ ഒരു നഗരസഭ അവിടെയുണ്ടായിരുന്നുവെന്നതിന്നു് ഇതിൽക്കൂടുതൽ തെളിവുകൾ ആവശ്യമില്ലല്ലോ. ധനികന്മാരുടേയും ദരിദ്രന്മാരുടേയും വസതികൾക്കു സൗകൎയ്യങ്ങളെസ്സംബന്ധിച്ച വലിയ വ്യത്യാസം കാണുന്നില്ല.

മഹേഞ്ജദാരോ, ഹരപ്പാ എന്നീരണ്ടു ദിക്കിലും ഇനിയും വളരെ മണ്ണിന്നടിയിൽനിന്നു് ഉദ്ധരിക്കേണ്ടതായിട്ടുണ്ടു്. വ്യവസായപ്രധാനമായ ഈ രണ്ടുനഗരങ്ങളിൽനിന്നാണു് സമിപവൎത്തികളായ ഗ്രാമങ്ങളിലേയ്ക്കു് ഇഷ്ടികകൾ കൊണ്ടുപോയിരുന്നതെന്നു ഊഹിക്കേണ്ടിയിരിക്കുന്നു. രണ്ടുനഗരത്തേയും ബന്ധിച്ചുകൊണ്ടു് ഇന്നത്തെ റീവണ്ടിയോടു സാദൃശ്യം വഹിക്കുന്ന ഒരുതരം ഗതാഗതസമ്പ്രദായം നടപ്പിൽ ഉണ്ടായിരുന്നിരിക്കാൻ ഇടയുണ്ടു്.

അന്നു യുദ്ധത്തിൻെറ ആവശ്യം ഉണ്ടായിരുന്നില്ലെന്നു തോന്നുന്നു. നഗരങ്ങൾക്കു ചുററും വന്മതിലുകളോ പ്രാകാരങ്ങളോ, ഗൃഹങ്ങളിൽ യുദ്ധത്തിന്നുപയോഗിക്കുന്ന ആയുധങ്ങളോ കാണുന്നില്ല. ക്രീററിനെ (Crete)പ്പോലെ, ഒരു യുദ്ധത്തിന്നുശേഷമാണു് പുരാതനമായ ഈ പരിഷ്കാരം മൺമറഞ്ഞതെന്നതിന്നു തെളിവുകളൊന്നുമില്ല.

ചിന്നിച്ചിതറിയെങ്കിലും അവിടവിടെയായി പ്രത്യക്ഷമാകുന്ന ചരിത്രരേഖകളിൽനിന്നു്, വിശാലങ്ങളും ആരോഗ്യകരങ്ങളുമായ ഈ നഗരവീഥികളിൽ വിലസിയിരുന്ന പരിഷ്കാരത്തിൻെറ അവ്യക്തമെ

ങ്കിലും അയഥാർത്ഥമല്ലാത്ത ഒരേകദേശചിത്രം നമുക്ക ഭാവനയിൽക്കൂടി കാണുവാൻ സാധിക്കും.

ആധുനികപരിഷ്കാരത്തിന്റെ വികാസത്തിന്നു നിദാനമായ പ്രാഥമികപദാർത്ഥങ്ങളെല്ലാം അന്നും കണ്ടുപിടിച്ചുകഴിഞ്ഞിരുന്നു. തീക്കല്ലുകൊണ്ടുണ്ടാക്കിയ കത്തികളും കൊഴുക്കളുമാണ് അന്ന് ഉപയോഗിച്ചിരുന്നതു്. ചെമ്പും വെള്ളിയും അധികം താമസിയാതെ പ്രത്യക്ഷമായി. ഇരുമ്പ് എന്നൊരു ലോഹം ഉള്ളതായിത്തന്നെ അവക്ക് അറിവുണ്ടായിരുന്നില്ലെന്നാണ് കാണുന്നതു്. ഗോതമ്പു്, ബാർളി, പരുത്തി ഇവ അന്നു കൃഷിചെയ്തിരുന്നു. മനുഷ്യചരിത്രത്തിൽ ഇദംപ്രഥമമായി നെയ്യെടുത്തതായിരിക്കാം, ജീർണ്ണിച്ചുപോകാത്ത ഒരു പരുത്തിത്തുണിക്കഷ്ണം മഹേഞ്ജദാരോവിൽനിന്നു കണ്ടുകിട്ടിയിട്ടുണ്ടു്. കൈകൊണ്ടു കരുപ്പിടിപ്പിച്ചിട്ടുള്ള വികൃതങ്ങളായ പാത്രങ്ങൾമുതൽ, ചക്രത്തിന്മേൽ വെച്ചു രൂപപ്പെടുത്തി വിചിത്രവേലകൾചെയ്തു ചായം കയററിയ കമനീയങ്ങളായ ഭാജനങ്ങൾവരെയുള്ള എല്ലാത്തരം മൺപാത്രങ്ങളുടേയും അവശേഷങ്ങൾ അവിടെ കാണ്മാനുണ്ടു്.

ഭാരതം അന്നു സസ്യഭുക്കായിക്കഴിഞ്ഞിരുന്നില്ല; മാംസമായിരുന്നു പ്രധാനമായ ഭക്ഷണം. എരുമ, ചെമ്മരിയാട്, കോലാട്, പന്നി, നായ ഈ മൃഗങ്ങളെയാണ് സാമാന്യമായി ഇണക്കി വളർത്തിയിരുന്നതു്. ആന അന്നും പരിചിതമായ ഒരു മൃഗമായിരുന്നു. മുദ്രകളിലൊന്നിൽ ആനയെ പൂട്ടി ഉഴവുന്ന ഒരു ചിത്രം കൊത്തിക്കാണുന്നുണ്ടു്. കുട്ടികളുടെ കളിപ്പാട്ടങ്ങളിൽ ചിലതിന്നു കുതിരകളോടു സാദൃശ്യമുള്ളതിനാൽ അതും അപൂർവ്വമെങ്കിലും അപരിചിതമല്ലാത്ത ഒരു മൃഗമായിരുന്നിരിക്കണം. മുദ്രകളിൽ കൊത്തിക്കാണുന്ന വാഹനങ്ങൾക്കു സിന്ധുദേശത്തിലെ പാവങ്ങളായ കൃഷിക്കാർ ഇന്നും ധാരാളമായി ഉപയോഗിക്കുന്ന വണ്ടികളോടു വളരെ സാമ്യമുണ്ടു്.

മുദ്രകളിൽ അങ്കിതമായിരിക്കുന്ന രേഖകൾ 'എഴുത്തുകൾ' ലിപിപരിണാമത്തിലെ പ്രാഥമികഘട്ടങ്ങളെയെല്ലാം കടന്നുപോന്നവയാണെന്ന് വിദഗ്ദ്ധന്മാർ അഭിപ്രായപ്പെടുന്നു. അക്ഷരങ്ങളെയല്ലാ ഓരോ ശബ്ദത്തെയാണു ലിപികൾ പ്രതിനിധീകരിച്ചിരുന്നതെന്ന് ഊഹിക്കുവാൻ കാരണങ്ങളുണ്ടു്. അവയെ കൂട്ടിവായിച്ച് അർത്ഥം ഗ്രഹിക്കുവാനുള്ള പരിശ്രമം ഇതേവരെ സഫലമായിട്ടില്ല. ആ ലിപിസംസ്കാരത്തിനും ഇന്ത്യൻഭാഷകളുടെ ലിപിസംസ്കാരങ്ങൾക്കും തമ്മിൽ സ്പഷ്ടദൃഷ്ടമായ സാദൃശ്യമുണ്ടു്.

പ്രകൃത്യാരാധനമായിരുന്നു അന്നത്തെ മതമെന്നു മൺപാത്രങ്ങളിന്മേൽ രചിച്ചിരിക്കുന്ന ചില ചിത്രങ്ങളിൽനിന്ന് അനുമാനിക്കാം.

വിശപ്പുദേവതയെന്ന നിലയിൽ പരാശക്തിയേയും, കൃഷിയുടേയും ഫലപുഷ്ടിയുടേയും മൂൎത്തമായ ചൈതന്യമെന്ന നിലയിൽ വൃക്ഷങ്ങളേയും ഭജിച്ചിരുന്ന ആ പുരാതനന്മാരുടെ മതബോധം സൎവ്വസമാശ്ലേഷകമായിരുന്നുവെന്നാണു കാണുന്നതു്. ക്രീററിലെ സൎപ്പബിംബങ്ങളെ അനുസ്മരിപ്പിക്കുന്ന ചില ബിംബങ്ങളും ദേവിക്ഷേത്രങ്ങളിലുണ്ടു്.

ശാഖോപശാഖാഞ്ചിതമായി നില്ക്കുന്ന പേരാലത്രെ അന്നത്തെ ആരാധനാവിഷയമായിരുന്ന പ്രധാനവൃക്ഷം. ഈ ജീവിതവൃക്ഷത്തിന്നു് ഒരാടിനെ ബലികഴിക്കുന്നതായി ഒരു മുദ്രയിൽ കൊത്തിയിരിക്കുന്നു; സിന്ധുദേശത്തെ ഗ്രാമീണന്മാർ ഇന്നും ആചരിച്ചുവരുന്ന ഒരു വാൎഷികകൎമ്മമാണു് അതു്. മറെറാന്നു രണ്ടു വൃക്ഷങ്ങളുടെ വിവാഹത്തെ ചിത്രണം ചെയ്യുന്നതാണു്. മനുഷ്യന്റെ തലയും തലയിൽ രണ്ടുകൊമ്പും കാട്ടുപോത്തിന്റെ ദേഹവും കുളമ്പുകളുമുള്ള അമാനുഷമായ (അതിമാനുഷപുമാവാം) ഒരു രൂപമാണു് മററു ചിലേടത്തു കാണുന്നതു്. ഇതു മെസൊപ്പൊട്ടാമ്യയിലെ ഒരു ദേവനെ അനുസ്മരിപ്പിക്കുന്നു. പരിഷ്കാരത്തിന്റെ കല മനുഷ്യന്നു് ഇദംപ്രഥമമായി ഉപദേശിച്ചുകൊടുത്തതായി സങ്കല്പിക്കപ്പെട്ടുവരുന്ന 'ഗിൽമേഷ്' എന്ന സുമേരിയൻ സംസ്കാരപ്രതിപുരുഷന്റെ ഒരു സഖാവിനെയായിരിക്കാം അഭൗമമായ ഈ രൂപം പ്രതിനിധികരിക്കുന്നതു്. മെസൊപ്പൊട്ടാമ്യയിൽ അദ്ദേഹം സിംഹത്തോടാണു് മല്ലുപിടിക്കുന്നതു്; ഇന്ത്യയിൽ പുലിയോടാണു്. അത്രയേ വ്യത്യാസമുള്ളു. നവീനഭാരതത്തിന്റെ ദേവന്മാരിൽ പ്രമാണിയായ ശിവന്റെ ചിഹ്നങ്ങൾ ധാരാളമാണു്. യോഗിയുടെ മാതിരി കൈകാലുകൾ മീതെക്കുമീതെ പിണച്ചുവെച്ചുകൊണ്ടു ധ്യാനനിരതനായി സ്ഥിതിചെയ്യുന്ന ഒരു മനുഷ്യന്റെ പ്രതിമ ബുദ്ധദേവനെ അനുസ്മരിപ്പിക്കുന്നു.

അയ്യായിരം വൎഷങ്ങൾക്കുമുൻപു പരിഷ്കൃതരായി ജീവിച്ചിരുന്ന ഈ ഇന്ത്യക്കാരുടെ വേഷവിധാനങ്ങൾ എങ്ങനെയിരുന്നുവെന്നും അവരുടെ ദേഹപ്രകൃതി ഇന്നത്തേതിൽനിന്നു് എത്രകണ്ടു വ്യത്യസ്തമായിരുന്നെന്നും മനസ്സിലാക്കുന്നതിന്നു മണ്ണിലും ചായത്തിലും ആരചിച്ചിരിക്കുന്ന രൂപങ്ങൾ സഹായിക്കുന്നുണ്ടു്. വീതികുറഞ്ഞ നെററി, തടിച്ച ചുണ്ടു്, ഉന്തിയ മൂക്കു്, ഇങ്ങനെ ഒരു വൎഗ്ഗക്കാരായിരുന്നു അവരെന്നാണു് ഊഹിക്കേണ്ടതു്. താടിയുണ്ടെങ്കിലും മേൽമീശ കാണുന്നില്ല. തലമുടി കെട്ടി സുമേരിയന്മാരുടെ മാതിരി പിറകിലേക്കിട്ടിരിക്കയാണു്. വലത്തേ ചുമലിൽകൂടി ഇട്ടിരിക്കുന്ന ഒരു പുതപ്പുകൊണ്ടാണു ദേഹം മറയ്ക്കുന്നതു്. സുമേരിയയിലേയും ഈജിപ്തിലേയും ആദ്യത്തെ വസ്ത്രധാരണരീതി ഏതാണ്ടു് ഇങ്ങനെതന്നെയായായിരുന്നു.

മഹൊഞ്ചദാരോവിൽനിന്നു് ഓട്ടുകൊണ്ടുണ്ടാക്കിയ ഒരു യുവതിയുടെ പ്രതിമ കണ്ടുകിട്ടിയിട്ടുണ്ടു്. അയ്യായിരം വർഷത്തെ ദീർഘനിദ്രക്കു ശേഷം അലസാപാംഗയായി ആ ലാസിനി നമുക്കുവേണ്ടി ഇന്നും നൃത്തംവെയ്ക്കുകയാണു്. നൃത്തസമയത്തുള്ള അവളുടെ വിലോഭനീയമായ ഭാവവും സാധാരണമായ സ്വഭാവവും ആ ഗണ്ഡങ്ങളിൽ പ്രതിബിംബിക്കുന്നതു കാണാം. പുരാതനലോകത്തിന്റെ അവശിഷ്ടങ്ങളായി ലഭിക്കുവാൻ ഭാഗ്യമുണ്ടായിരിക്കുന്ന കലാവസ്തുക്കളിൽ പ്രാമാണ്യം കല്പിക്കേണ്ടതു് ഇതിനാണെന്നു തോന്നുന്നു.

അത്ഭുതാവഹങ്ങളായ ഈ ഗവേഷണങ്ങൾ ഇന്ത്യാചരിത്രത്തെപ്പററിയുള്ള നമ്മുടെ മിഥ്യാബോധത്തെ വെല്ലുവിളിച്ചിരിക്കുന്നു. ആര്യന്മാരുടെ ആക്രമണത്തോടുകൂടിയാണു് ആർഷ പരിഷ്കാരം ആരംഭിച്ചതു്.

നമ്മുടെ അകന്ന പൂർവ്വികന്മാരുമായി ചിരകാലം ഒരേ ഭവനത്തിൽ താമസിച്ചതിനുശേഷം ഇൻഡോ-ആര്യന്മാർ ദക്ഷിണഭാഗത്തേക്കും പൂർവ്വദിക്കിലേക്കും പ്രയാണംചെയ്തു. കൃസ്തുദേവനു് 1800 വർഷങ്ങൾക്കു മുൻപു് അവർ ഇവിടെ എത്തിയിരിക്കണം. കറുത്തിരുണ്ടു് വികൃതന്മാരും പ്രാകൃതന്മാരും ആയ ഒരുതരം മനുഷ്യമൃഗങ്ങളെയാണു തങ്ങൾ ഇന്ത്യയിൽ കണ്ടതെന്നു് ആര്യന്മാർ അവരുടെ ദിവ്യഗ്രന്ഥങ്ങളിൽ മനോഹരങ്ങളായ പദ്യങ്ങൾമൂലം രേഖപ്പെടുത്തിയിട്ടുണ്ടു്. സ്വന്തം ദുരഭിമാനത്തെ തൃപ്തിപ്പെടുത്തുവാൻവേണ്ടി മാത്രമാണു് അവർ അങ്ങനെ ചെയ്തതെന്നു പറയേണ്ടതില്ലല്ലോ.

ഈ ആര്യന്മാർ ധീരന്മാരായ യോദ്ധാക്കന്മാരായിരുന്നുവെന്നതു തീർച്ചതന്നെ. എന്നാൽ സഞ്ചാരപ്രിയരായ അവർക്കു്, സ്ഥിരജീവിതം എന്തെന്നു് അറിയാത്ത അവർക്കു് അക്ഷരജ്ഞാനമോ നാഗരികജീവിതമോ തീരെ പരിചിതമായിരുന്നില്ല. വിശാലവും നിർമ്മലവുമായ നഗരങ്ങൾ കണ്ടു് അവർ മിഴിച്ചുനിന്നിട്ടുണ്ടാവും. ആദ്യം ആര്യന്മാർ നമ്മുടെ മനോഹരങ്ങളായ നഗരങ്ങളെ ആക്രമിക്കുവാനും നശിപ്പിക്കുവാനും ഉദ്യമിച്ചിരിക്കാം; അനന്തരം വിജേതാക്കളായ അവർ പരാജിതരുടെ കാൽക്കലിരുന്നു് അക്ഷരജ്ഞാനം മുതൽ സംസ്കാരംവരെ എല്ലാം പഠിച്ചിരിക്കാം.

# രാജതാംബൂലം. *

[സാഹിത്യശിരോമണി, പി. എസ്സ്. സുബ്ബരാമപട്ടർ.]

## ൧

തെൻകൈലാസം എന്നു കേളികേട്ട ശിവപുരത്തിൽ താമസിച്ചിരുന്ന ശങ്കരശാസ്ത്രികളുടെ തറവാട്ടുകാരെ "ശാസ്ത്രിമഠക്കാർ" എന്നാണ് ആ നാട്ടുകാർ വിളിച്ചുവന്നിരുന്നതു്. ആ വംശത്തിൽ അടുത്തു കഴിഞ്ഞ കാലത്തു് ഉണ്ടായിരുന്ന ചില വിദ്വാന്മാരുടെ ചരിത്രശകലങ്ങൾ പുകഴ്ത്തിപ്പറയുന്ന ചില പഴമക്കാർ ശങ്കരശാസ്ത്രിയുടെ കാലത്തും അവിടെ ഉണ്ടായിരുന്നു. ആ കുടുംബക്കാർ ഒരു കാലത്തു പെരുമ്പടപ്പുസ്വരൂപത്തിലെ ആശ്രിതന്മാരായിരുന്നുവെന്നുള്ളതിന്നു് ഏതോ ഒരു മഹാരാജാവു അവക്കു കരമൊഴിവായി കല്പിച്ചുകൊടുത്തിട്ടുണ്ടായിരുന്ന ഒരു ഗൃഹം ഈ കഥ നടന്ന കാലത്തും സാക്ഷ്യംവഹിക്കുന്നുണ്ടായിരുന്നു. "ശ്രീമഠം" എന്ന പേർകൊണ്ടു് അറിയപ്പെട്ടിരുന്ന ആ ഗൃഹം ഏതെങ്കിലും ഒരു കാലത്തു ശ്രീദേവിയുടെ വാസസ്ഥലമായിരുന്നുവോ എന്നു തീച്ചയായി പറയുവാൻ തെളിവൊന്നുമില്ല. എന്നാൽ ആ ഭവനം വളരെക്കാലം സരസ്വതീദേവിയുടെ വിഹാരസ്ഥാനമായിരുന്നു എന്നുള്ളതു ശ്രീമാൻ ശാസ്ത്രിയുടെ കാലത്തും അവിടെയുണ്ടായിരുന്ന വമ്പിച്ച ഗ്രന്ഥരാശികൊണ്ടു തികച്ചും അനുമാനിക്കാവുന്നതാണ്.

പണ്ടൊരുകാലത്തു ഗദാധരശാസ്ത്രികൾ എന്നു പ്രസിദ്ധപ്പെട്ട ഒരു വിദ്വാൻ കൊച്ചിക്കോവിലകത്തു് അദ്ധ്യാപകസ്ഥാനം വഹിച്ചിരുന്നുവെന്നു പല ലക്ഷ്യങ്ങൾകൊണ്ടും വെളിപ്പെട്ടിട്ടുണ്ടു്. അദ്ദേഹത്തിന്റെ ശരിയായ പേർ മഹാദേവശാസ്ത്രി എന്നായിരുന്നു. തക്കശാസ്ത്രത്തിൽ അദ്ദേഹത്തിന്നുണ്ടായിരുന്ന പ്രത്യേകപാണ്ഡിത്യംകൊണ്ടും ഗദാധരഭട്ടാചാര്യരുടെ വാദഗ്രന്ഥങ്ങൾ പഠിപ്പിക്കുന്നതിലുണ്ടായിരുന്ന വിശേഷവൈദഗ്ദ്ധ്യംകൊണ്ടും അദ്ദേഹത്തെ ജനങ്ങൾ അങ്ങിനെയാണ് വിളിച്ചുവന്നിരുന്നതെന്നേയുള്ളു ഗദാധരശാസ്ത്രികളുടെ മകൻ ഗോപാലകൃഷ്ണശാസ്ത്രി നല്ലൊരു കവിയും സംഗീതജ്ഞനുമായിരുന്നുവത്രെ. കേരളത്തിലെ പല നാടുവാഴികളുടേയും പരിചിതനായിരുന്ന അദ്ദേഹം അവരുടെ ആവശ്യപ്രകാരം രണ്ടോ മൂന്നോ ആട്ടക്കഥകൾ നിമ്മിച്ചതായി കേട്ടിട്ടുണ്ടു്. അദ്ദേഹത്തിന്റെ മകനായിരുന്നു കൃഷ്ണശാസ്ത്രികൾ. പരമഭക്തനും പ്രസിദ്ധ പൌരാണികനുമായിരുന്ന അദ്ദേഹം കേരളബ്രാഹ്മ

* പകപ്പവകാശം ലേഖകനുതന്നെ.

ണരുടെ ഗൃഹങ്ങളിൽ ഭാഗവതം വായിച്ചുംകൊണ്ടാണ് ആയുഷ്കാലം കഴിച്ചുകൂട്ടിയതു്. അദ്ദേഹത്തിൻെറ മകൻ സപ്താംഗം വായനക്കാരൻ സുന്ദരശാസ്ത്രികൾ. സുന്ദരശാസ്ത്രികളുടെ മകനാണു ഗ്രന്ഥമെഴുത്തുകാരൻ ഗണപതിശാസ്ത്രി. മാതൃകാഗ്രന്ഥത്തിൽ കണ്ട അക്ഷരങ്ങളെ പിഴകൂടാതെ പകൎത്തുവാൻ തനിക്കു കഴിയുമെന്നുള്ളതായിരുന്നു ഗണപതിശാസ്ത്രിയുടെ ഏററവും വലിയ അഭിമാനം. എന്നാൽ പരിശ്രമശീലനായിരുന്ന അദ്ദേഹം കൊച്ചിക്കോവിലകത്തെ ഈഴുവെപ്പിലും സാഹിത്യപ്രിയന്മാരായ പ്രഭുക്കന്മാരുടെ ഗൃഹങ്ങളിലും എഴുതിക്കൂട്ടീട്ടുള്ള ഗ്രന്ഥങ്ങൾക്കു് കൈയ്യും കണക്കുമില്ല. പണ്ഡിതന്മാരായ ചില നമ്പൂതിരിമാർ വല്ല ശാസ്ത്രഗ്രന്ഥവും എഴുതുവാൻ തന്നെ ഏല്പിക്കുമ്പോൾ ഉപദേശരൂപത്തിൽ എന്തെങ്കിലും പറയുവാൻ മുതിൎന്നാൽ അദ്ദേഹം തനിക്കും കുറച്ചു ധരിപ്പുണ്ടെന്നു കാണിപ്പാനായി ഇപ്രകാരം പറയുക പതിവായിരുന്നു: "ഗ്രന്ഥമെഴുത്തുകാർ" സാധാരണയായി പകൎത്തിയ ഗ്രന്ഥത്തിൻെറ അവസാനത്തിൽ "കരകൃതമപരാധം ക്ഷന്തുമൎഹന്തി സന്തഃ" എന്നു് എഴുതാറുണ്ടല്ലോ. അതിലുംകൂടി അവൎക്കു പിഴ പററുന്നുണ്ടെന്നാണ് എനിക്കു തോന്നുന്നതു്. 'കരൾകൃതമപരാധം' എന്നായാലല്ലേ അൎത്ഥം ശരിയാവുക? ഏതായാലും ഞാൻ പകൎത്തുന്ന ഗ്രന്ഥങ്ങളിൽ അതെഴുതാറില്ല. ശാസ്ത്രിയുടെ ഈ പാണ്ഡിത്യപ്രകടനം പണ്ഡിതന്മാൎക്കു് പുഞ്ചിരി ഉളവാക്കിയിരുന്നുവോ എന്നു് അറിഞ്ഞുകൂട. എന്നാൽ ഒരു കാൎയ്യം തീൎച്ചയാണ്. അദ്ദേഹത്തിൻെറ കൈക്കുററപ്പാടുകളിൽ കരളിന്നു യാതൊരു കുററവും ഉണ്ടായിരുന്നില്ലതന്നെ. ഗണപതിശാസ്ത്രിയുടെ കാലത്തിനുശേഷം ആ വംശത്തിലെ വൈദുഷ്യപരമ്പരയ്ക്കു് കുറച്ചൊരു വിച്ഛേദം വന്നു. പിന്നീട് അവരുടെ വംശത്തിൽ "രാമബാണ"ങ്ങൾക്കു് ഇരയായി കിടന്നിരുന്ന ഗ്രന്ഥങ്ങളെ കെട്ടഴിച്ചു നോക്കുവാൻ ഒരാളുണ്ടായതു ശ്രീമാൻ വേങ്കുശാസ്ത്രിയായിരുന്നു. ആരെങ്കിലും ഒരു ഗ്രന്ഥം പകൎത്തുവാൻ തന്നെ ഏല്പിച്ചാൽ അതിൻെറ ഒരു പകൎപ്പ് സ്വന്തം തറവാട്ടാവശ്യമായി എഴുതി എടുക്കുക എന്നൊരു നിയമം ഗണപതിശാസ്ത്രിക്കുണ്ടായിരുന്നതുകൊണ്ടു വേങ്കുശാസ്ത്രിയുടെ കാലത്തു് ശ്രീമഠത്തിലുണ്ടായിരുന്ന ഗ്രന്ഥശേഖരം വളരെ വലുതായിരുന്നു. അതിനാൽ അവയെ കേടുകൂടാതെ സൂക്ഷിക്കുന്ന പ്രവൃത്തിതന്നെ അദ്ദേഹത്തിനു് മതിയായ ഒരു തൊഴിലായിരുന്നു. അവയിലുള്ള ഒരക്ഷരത്തിൻെറ അൎത്ഥംപോലും മനസ്സിലാക്കുവാൻ കഴിഞ്ഞിരുന്നില്ലെങ്കിലും അദ്ദേഹം അവയെ എല്ലാം, വല്ല വിദ്വാന്മാരും ഒന്നു നോക്കുവാൻ ആവശ്യപ്പെട്ടാൽ കാണിച്ചുകൊടുക്കുകപോലും ചെയ്യാതെ, തൻെറ പ്രിയപുത്രനായ ശങ്കരശാസ്ത്രിയെ ഏല്പിച്ചുകൊടുത്തു എന്നുള്ളതു് പര

മാത്രമായ ഒരു സംഗതിയാണ്. വിലമതിക്കുവാൻ കഴിയാത്ത ആ പിതൃധനത്തെ വേണ്ടതുപോലെ എടുത്തു പെരുമാറുവാൻ ഉള്ള ബുദ്ധിയും പഠിപ്പും ശങ്കരശാസ്ത്രിക്കുണ്ടായിരുന്നതു്. ശാസ്ത്രിമഠക്കാരുടെ താവാട്ടുപുണ്യത്തിന്റെ പരിപാകഫലമായിരുന്നുവെന്നുതന്നെ പറയണം.

ശങ്കരശാസ്ത്രിയുടെ ബാല്യകാലംമുതല്ക്കുള്ള സാമ്പത്തികസ്ഥിതിയെപ്പറ്റി അദ്ദേഹം ഇങ്ങിനെ ഒരു നേരമ്പോക്ക് പറയാറുണ്ടായിരുന്നു. എന്റെ ഉപനയനദിവസം ആചാര്യൻ എനിക്ക് രണ്ടു മന്ത്രങ്ങൾ ഉപദേശിക്കുകയുണ്ടായി: ഒന്നു ഗായത്രിയും, മറ്റേതു് 'ഭവതി ഭിക്ഷാം ദേഹി' എന്ന ഭിക്ഷാടനമന്ത്രവുമായിരുന്നു. അവയിൽ രണ്ടാമത്തെ മഹാമന്ത്രമാണു ഞാൻ അധികം പ്രാവശ്യം ജപിച്ചിട്ടുള്ളതു്." ധനസ്ഥിതി ഇങ്ങിനെയാണെങ്കിലും അദ്ദേഹം വലിയ ശാസ്ത്രജ്ഞനും സംസ്കൃതപണ്ഡിതനുമായിരുന്നു. ബാല്യത്തിൽതന്നെ ഉണ്ടായിരുന്ന സംഗീതവാസനയെ ഒരു കൃഷ്യംപോലെ പോഷിപ്പിച്ചിരുന്നതു് അദ്ദേഹത്തിന്റെ വൈദുഷ്യത്തിന്നു് ഒരു വിഭൂഷണവും മനഃസ്സുഖത്തിനു കാരണവുമായിത്തീർന്നു. അഹർവൃത്തികൾ വേണ്ടതിലധികം വിത്തം സമ്പാദിക്കുന്നതിൽ വൈമുഖ്യം കാണിച്ചിരുന്ന ആ ഉദാരഹൃദയന്റെ കാൽക്കൽ ചെന്നിരുന്നു വിദ്യാദാനം വാങ്ങി നിറഞ്ഞ മനസ്സോടുകൂടി മടങ്ങിപ്പോയിട്ടുള്ളവർ നാട്ടിലെങ്ങുമുണ്ടായിരുന്നു. മാനവും മോടിയും മോഹിക്കാതെ ഒതുങ്ങിയ മട്ടിൽ ജീവിതം നയിച്ചിരുന്ന അദ്ദേഹം മാസംതോറും സ്വഗൃഹത്തിൽവെച്ചു നടത്താറുള്ള ഭജനവും ഹരികഥാകാലക്ഷേപവും ആ നാട്ടുകാരെ ആബാലവൃദ്ധം ശ്രീമഠത്തിലേക്കു് ആകർഷിക്കുക പതിവായിരുന്നു.

൨

ഒരു ദിവസം ശങ്കരശാസ്ത്രി അമ്പലത്തിൽനിന്നു് മടങ്ങിപ്പോകുമ്പോൾ ഗോപുരത്തിനു് സമീപമുള്ള ആൽത്തറയ്ക്കൽ പുതുതായി ഉപനയിക്കപ്പെട്ട ഒരു ബ്രാഹ്മണബാലൻ ചമത പെറുക്കിക്കൊണ്ടു് നില്ക്കുന്നതു കണ്ടു. ആചാരശ്രദ്ധ കുറഞ്ഞുവരുന്ന കാലത്തു് ഒരു ബാലൻ ശ്രദ്ധയോടുകൂടി ചമത പെറുക്കുന്നതു കണ്ടപ്പോൾ അദ്ദേഹത്തിനു കുറച്ചൊരു കൌതുകം തോന്നി. അദ്ദേഹം കുറച്ചുനേരം അതു കണ്ടുംകൊണ്ടുനിന്നു. ഇതിന്നിടയ്ക്കു കത്തിക്കുവാൻ വിറകില്ലാതെ മരങ്ങളിൽനിന്നു് ഉണങ്ങി വീഴുന്ന ചുള്ളിക്കൊമ്പുകൾ പെറുക്കിക്കൊണ്ടു നടക്കുന്ന ചില പാവപ്പെട്ട കുട്ടികൾ അവരുടെ കീറിപ്പൊളിഞ്ഞ കൊട്ടകളുംകൊണ്ടു് ആൽത്തറയുടെ ചുവട്ടിൽ വന്നെത്തി. അവർ ആ ബ്രാഹ്മണബാലനോടു്, "ആ വിറകു് നിങ്ങൾക്കെന്തിനാണു്? അതു ഞങ്ങൾക്കു തരാമോ? ഞങ്ങൾക്കു് ഇന്നു വിറകു കിട്ടീട്ടു ഇല്ല. അതു തന്നാൽ ഞങ്ങൾക്കു് ഒരിക്കൽ

കഞ്ഞിവെയ്ക്കുവാൻ മതിയാകും. തരുമോ?" എന്നു ചോദിച്ചു. ബാലൻ നിമിഷനേരം മിണ്ടാതെ നിന്നശേഷം താൻ പെറുക്കിക്കൂട്ടിയിരുന്ന ചമത മുഴുവനും അവരുടെ കൊട്ടയിൽ ഇട്ടുകൊടുത്തു. ഇതെല്ലാം കണ്ടുനിന്നിരുന്ന ശാസ്ത്രി ബ്രാഹ്മണബാലനെ വിളിച്ചു ചോദിച്ചു.

ശാസ്ത്രി — കുട്ടിയുടെ പേരെന്താണ്?

ബാലൻ — ശ്രീനിവാസൻ.

ശാസ്ത്രി — നീ എന്തിനാണു ചമത പെറുക്കിയിരുന്നത്?

ബാലൻ — ചമതയിടുവാൻ.

ശാസ്ത്രി — എന്തുകൊണ്ടു നീ അതു മുഴുവനും അവൾക്കു കൊടുത്തു?

ബാലൻ — ആ പാവങ്ങൾക്കു വിറകു വേണ്ടേ? അവർ അതു കൊണ്ടുപോയി ചമതയിട്ടോട്ടേ. ഞാൻ മന്ത്രം ജപിച്ചുകൊള്ളാം. എന്നാലും എനിക്കു ഫലം കിട്ടാതിരിക്കുകയില്ല.

ശാസ്ത്രി ആശ്ചര്യംകൊണ്ട് അമ്പരന്നു. അദ്ദേഹം ആ ബാലനെ അന്നുതന്നെ തന്റെ ശിഷ്യവർഗ്ഗത്തിൽ കൂട്ടിച്ചേർത്തു.

ശ്രീനിവാസന്നു് അപ്പോൾ പന്ത്രണ്ടു വയസ്സു പ്രായമായിരുന്നു. ചുരുങ്ങിയ ശമ്പളംമാത്രമുള്ള ഒരു സ്കൂൾമാസ്റററുടെ മകനായിരുന്ന ആ കുട്ടി സർക്കാരിൽനിന്നു കിട്ടിവന്നിരുന്ന സഹായധനംകൊണ്ടാണു വിദ്യാഭ്യാസം ചെയ്തിരുന്നത്. ശാസ്ത്രി ആ ബാലന്റെ ബുദ്ധിയും, സാമർത്ഥ്യവും, സൌശീല്യവും കണ്ടു് സന്തോഷിച്ചു് അവനെ സംസ്കൃതം പഠിപ്പിച്ചുതുടങ്ങി. ഇടയുള്ളപ്പോഴെല്ലാം ശ്രീനിവാസൻ ശാസ്ത്രികളുടെ മഠത്തിൽ പോയി കാവ്യം പഠിക്കും. ഭജനയുള്ള ദിവസങ്ങളിൽ അതിന്നു വേണ്ടുന്ന ഉപകരണങ്ങളെല്ലാം ശ്രദ്ധയോടും ഉത്സാഹത്തോടുംകൂടി ഒരുക്കിവെയ്ക്കും. ഭക്തികൊണ്ടു് മതിമറന്നു ഭഗവൽകീർത്തനങ്ങൾ ഗാനംചെയ്യുന്ന ആചാര്യന്റെകൂടെ ചിലപ്പോൾ ആവേശത്തോടുകൂടി അത്യുച്ചസ്വരത്തിൽ ഏററുപാടും. ഇങ്ങിനെ പ്രതിഫലേച്ഛയും പ്രത്യുപകാരശക്തിയുമില്ലാതെ യാദൃച്ഛികമായി തുടങ്ങിയ അവരുടെ ഗുരുശിഷ്യഭാവം യാതൊരു തടസ്ഥവും കൂടാതെ നാൾക്കുനാൾ വളൎന്നുവന്നു. ഒടുവിൽ അതു് അതിരുകവിഞ്ഞ ശിഷ്യവാത്സല്യത്തിലും അസാമാന്യമായ ഗുരുഭക്തിയിലും അവസാനിച്ചു. ഉയൎന്ന വിദ്യാഭ്യാസത്തിന്നായി നാടുവിട്ടു പോകേണ്ടകാലം വന്നപ്പോഴയ്ക്കും ശ്രീനിവാസൻ പല കാവ്യങ്ങളും നാടകങ്ങളും പഠിച്ചു വ്യാകരണശാസ്ത്രം അഭ്യസിക്കുവാൻ തുടങ്ങിട്ടുണ്ടായിരുന്നു.

ഇതിന്നിടയ്ക്കു് ശാസ്ത്രിയുടെ ഏകസന്താനമായിരുന്ന സരസ്വതി എന്ന ബാലിക ശൈശവം വിട്ടു കൌമാരത്തിലേയ്ക്കു കാലെടുത്തു വെയ്ക്കുകയും വിദ്യാഭ്യാസം തുടങ്ങുകയും ചെയ്തിരുന്നു. അച്ഛന്റെ അടുക്കൽ

തന്നെ സംസ്കൃതം പഠിച്ചുതുടങ്ങിയ ആ കുട്ടിയുടെ ബുദ്ധിയും പഠിപ്പിലുള്ള അത്യാസക്തിയും ശ്രീനിവാസനെ സാമാന്യത്തിലധികം വിസ്മയിപ്പിച്ചിരുന്നു. അത്രമാത്രമല്ല, ശാസ്ത്രികളുടെ ഭജനകളിൽ ഇടയ്ക്കിടയ്ക്കു കോമളാകൃതിയായ ആ പെൺകുട്ടി തന്റെ കൊച്ചുകൈകൾകൊണ്ടു താളം പിടിച്ചു മധുരമായ സ്വരത്തിൽ ഗീതഗോവിന്ദത്തിലെ പല ഗാനങ്ങളും പാടിയിരുന്നതു് ആ യുവാവിന്റെ ഹൃദയത്തിൽ എന്തെന്നില്ലാത്ത ഒരു ആഹ്ലാദത്തെയും ജനിപ്പിച്ചിരുന്നു.

ശ്രീനിവാസന്നു് അവന്റെ ബുദ്ധിശക്തിയ്ക്കനുസരിച്ചു ഉന്നത വിദ്യാഭ്യാസം നല്കുവാൻ അയാളുടെ അച്ഛന്നു് കഴിവുണ്ടായിരുന്നില്ല. എങ്കിലും ആ അശക്തതയെ അവന്റെ പഠിപ്പിലുള്ള സാമർത്ഥ്യം ഒരു വിധം പരിഹരിച്ചു. അവന്നു് സർക്കാർവകയായി നല്ലൊരു സഹായധനം ലഭിക്കുകയും അവൻ പഠിക്കുവാനായി മദിരാശിക്കു പോവുകയും ചെയ്തു. ഈ സംഭവം അയാളുടെ സംസ്കൃതവിദ്യാഭ്യാസത്തിനു് ഒരു വിഘ്നമായിത്തീർന്നു. എങ്കിലും പഠിപ്പില്ലാത്ത കാലത്തു സ്വഗൃഹത്തിലേയ്ക്കു വരുമ്പോഴെല്ലാം അയാൾ അധികസമയവും ശാസ്ത്രികളോടുകൂടി കഴിച്ചുകൂട്ടുകയും പല ശാസ്ത്രഗ്രന്ഥങ്ങളിൽ പരിചയം സമ്പാദിക്കുകയും ചെയ്തിരുന്നു. തന്റെ ഇംഗ്ലീഷുവിദ്യാഭ്യാസം അവസാനിച്ചാൽ ഉടനെ സ്വദേശത്തു വന്നു് ശാസ്ത്രികളുടെ കൈവശമുള്ള അനഘവും അളവററതുമായ വിജ്ഞാനസമ്പത്തിൽനിന്നു ചെറിയൊരു ഭാഗമെങ്കിലും സമ്പാദിക്കുവാനുള്ള ഭാഗ്യം തനിക്കുണ്ടാകണമെന്നതായിരുന്നു ശ്രീനിവാസന്റെ പരമമായ അഭിലാഷം.

൩

ഒടുവിൽ ശ്രീനിവാസന്റെ ഇംഗ്ലീഷുവിദ്യാഭ്യാസം അവസാനിച്ചുകുട്ടത്തിലായി. അയാൾ പരീക്ഷകഴിഞ്ഞു നാട്ടിലേയ്ക്കു മടങ്ങി. ശാസ്ത്രികളുടെ അടുക്കൽ ചെന്നിരുന്നു പഠിക്കുവാൻ വീണ്ടും സാധിക്കുമെന്നു വിചാരിച്ചു് സന്തോഷത്തോടുകൂടി അയാൾ തന്റെ വീട്ടിലേയ്ക്കു എത്തിയപ്പോൾ ഒന്നാമതായി കേട്ട വർത്തമാനം ശാസ്ത്രികൾ മരിച്ചുപോയി എന്നായിരുന്നു. അയാളുടെ അമ്മ പറഞ്ഞു:—"മകനേ, നിന്റെ ഗുരുവും ബന്ധുവുമായ ശാസ്ത്രികൾ മരിച്ചുപോയിട്ടു രണ്ടുമാസത്തിലധികമായി. എന്നാൽ ഈ വർത്തമാനം ഇതേവരെ നിന്നെ അറിയിക്കാതിരുന്നതു് അതു കേട്ടാൽ നിനക്കുണ്ടാകാവുന്ന വ്യസനത്തേയും അതുനിമിത്തം നിന്റെ പരീക്ഷാവിജയത്തിനു നേരിടാവുന്ന അപകർഷത്തേയും ആലോചിച്ചിട്ടാണു്. ഈ വർത്തമാനം ശ്രീനിവാസന്റെ ഹൃദയത്തിൽ അങ്കുരിച്ചിരുന്ന ആശകളെയെല്ലാം നിശ്ശേഷം നശിപ്പിച്ചുകളഞ്ഞു.

ശ്രീനിവാസൻ അവന്റെ ഗുരുഗൃഹത്തിൽ ചെന്നപ്പോൾ കണ്ണീരും കൈയുമായി നിന്നിരുന്ന ഗുരുപത്നി അവനോടു പറഞ്ഞതു് ഇപ്രകാരമായിരുന്നു:—"ശ്രീനിവാസാ, ഇങ്ങിനെയെല്ലാം വരുമെന്നും ഇപ്രകാരം ദുർഭരമായ ഒരു ജീവിതം നയിക്കേണ്ടിവരുമെന്നും ഞാൻ സ്വപ്നത്തിൽപോലും വിചാരിച്ചിരുന്നില്ല. അതെല്ലാം പറഞ്ഞിട്ടു ഫലമില്ലല്ലോ. ഇപ്പോൾ ഞാൻ ജീവിക്കുന്നതു് സരസ്വതിക്കുവേണ്ടി മാത്രമാണു്. അവളുടെ അച്ഛന്നു് എന്തെല്ലാം ആഗ്രഹങ്ങളാണു് ഉണ്ടായിരുന്നതു്! ഒന്നു രണ്ടു നാടകങ്ങൾ പഠിപ്പിച്ചശേഷം അവളെ രാമായണം വായിപ്പിച്ചുകൊണ്ടിരിക്കുമ്പോഴാണു് അദ്ദേഹത്തെ ദൈവം ഞങ്ങളിൽനിന്നു് അപഹരിച്ചുകൊണ്ടുപോയതു്. അവളെ ഒരുവന്റെ കൈയിൽ ഏല്പിച്ചുകൊടുത്താൽ പിന്നെ തീർത്ഥാടനംചെയ്തുകൊണ്ടു കാലം കഴിക്കണമെന്നാണു് ഞാൻ ആഗ്രഹിക്കുന്നതു്. എന്നാൽ അതിന്നുള്ള വഴിയും കാണ്മാനില്ല. അവൾക്കു് ഗുണങ്ങളുണ്ടെങ്കിലും നല്ലൊരു സംഖ്യ സ്ത്രീധനമായി കൊടുക്കാതെ ആരും വേൾക്കുമെന്നു തോന്നുന്നില്ല. പൂർവ്വസ്വത്തായി കിട്ടീട്ടുള്ള ഈ ഗൃഹം പണയപ്പെടുത്തുവാനും പാടുള്ളതല്ലത്രെ. ഇനി ബാക്കിയുള്ളതു കുറെ ഗ്രന്ഥങ്ങൾ മാത്രമാണു്. അതു വില്ക്കുവാൻ ഒരുങ്ങുന്നതായാൽതന്നെ അതിന്റെ വിലയറിഞ്ഞു തരുവാനുള്ളവർ ആരാണു്? എന്റെ സങ്കടങ്ങൾ കേൾക്കുവാനുംകൂടി ഒരാളെ ഞാൻ കാണുന്നില്ല. എന്നാൽ നീ ഇവിടെ പുത്രനെപ്പോലെ പെരുമാറിയിരുന്നവനാണല്ലോ. അതുകൊണ്ടു ഞാൻ നിന്നോടു് ഇത്രയും പറഞ്ഞുവെന്നേയുള്ളു."

ഈ വാക്കുകളിലെ ഓരോ അക്ഷരവും ശ്രീനിവാസന്റെ ഹൃദയം പിളർന്നിരുന്നു. എന്നാൽ അവന്റെ മനസ്സിനെ ഏററവും വേദനിപ്പിച്ചതു് ഗ്രന്ഥങ്ങൾ വില്ക്കുന്നതിനെപ്പററിയുള്ള പ്രസ്താവമായിരുന്നു. അപ്രകാരമുള്ള ഒരാലോചന ശങ്കരശാസ്ത്രിയുടെ ഭാര്യാപദം വഹിച്ചിരുന്ന ആ മഹിളയുടെ മനസ്സിൽ കടന്നുകൂടുവാനുള്ള കാരണം അയാൾക്കു പിന്നീടുണ്ടായ സംഭാഷണംകൊണ്ടാണു് മനസ്സിലായതു്. പുരാതന ഗ്രന്ഥങ്ങൾ അന്വേഷിച്ചു ശേഖരിച്ചിരുന്ന മദിരാശിയിലെ ചില ഗവർമ്മേണ്ടുദ്യോഗസ്ഥന്മാർ വന്നു് ശ്രീമഠത്തിലെ ഗ്രന്ഥങ്ങൾ മുഴുവനും ഒന്നായി വിലയ്ക്കുവാങ്ങിക്കൊള്ളാമെന്നു പറഞ്ഞുപോയിരുന്ന വർത്തമാനം അപ്പോഴാണു് അയാൾ അറിഞ്ഞതു്. "വെയ്ക്കുകയോ, വില്ക്കുകയോ" ചെയ്യാതെ അനുഭവിച്ചുകൊള്ളുവാനായി കരംകൂടാതെ പണ്ടേയ്ക്കുപണ്ടേ പതിച്ചുകൊടുത്തിട്ടുള്ള പണ്ടാരവക ഗൃഹം പണയപ്പെടുത്തുന്നതായാൽ അതിലുള്ള അവകാശം തിരെ ഇല്ലാതാകുമെന്നു സർക്കാരുദ്യോഗസ്ഥന്മാർ അറിയിച്ചിരുന്ന വിവരവും അപ്പോഴാണു് അയാൾ ഗ്രഹിച്ചതു്.

ഇങ്ങിനെ പല പുതിയ വൎത്തമാനങ്ങളുമടങ്ങിയ ഒരു ദീൎഘസംഭാഷണത്തിനു ശേഷം ശ്രീനിവാസൻ സമാധാനമൊന്നും പറയാതെ സ്വഗൃഹത്തിലേയ്ക്കു മടങ്ങി.

മഠത്തിൽ കയറിച്ചെന്ന ഉടനെ അയാൾ ആദ്യമായി തൻെറ അമ്മയോടു ചോദിച്ച ചോദ്യം ഇതായിരുന്നു: "അമ്മേ, ഞാൻ ശാസ്ത്രികളുടെ മകളെ വേളികഴിച്ചാലെന്താണ്? അവൾക്കു നല്ല പഠിപ്പുണ്ടല്ലോ. അടുത്തകാലത്തൊന്നും എനിക്കു വിവാഹം വേണമെന്നു ഞാൻ ആലോചിച്ചിരുന്നില്ല. കുറേക്കാലംകൂടി എനിക്കു പഠിക്കുവാനാണാഗ്രഹമെന്നുള്ളതു് അമ്മയ്ക്കറിയാമല്ലോ. എങ്കിലും ആ കുട്ടിയെ കല്യാണംകഴിച്ചുകൊടുക്കുവാനുള്ള കഷ്ടപ്പാടിനെപ്പററി എൻെറ ഗുരുപത്നി പറയുന്നതു കേൾക്കുമ്പോൾ എനിക്കു വലിയ സങ്കടം തോന്നുന്നു. അതുകൊണ്ടാണ് ഞാൻ ഇങ്ങിനെ ചോദിക്കുന്നതു്." ഇതിന്നു മറുപടിയായി അയാളുടെ അമ്മ പറഞ്ഞു: "വിരോധമൊന്നുമില്ല. എന്നാൽ നിൻെറ അച്ഛൻ അതിനു സമ്മതിക്കുമെന്നു തോന്നുന്നില്ല. കുറച്ചുദിവസംമുമ്പു സൎവ്വാധികാൎയ്യക്കാർ ശങ്കരയ്യർ ഇവിടെ വന്നിരുന്നു. അദ്ദേഹത്തിൻെറ മകളെ നിനക്കു തരണമെന്ന് അദ്ദേഹത്തിന്നു വലിയ മോഹമുണ്ടു്. വലിയൊരു സംഖ്യ തരുന്നതിന്നു പുറമേ നല്ലൊരു സൎക്കാരുദ്യോഗവുംകൂടി ഉണ്ടാക്കിത്തരാമെന്ന് അദ്ദേഹം പറയുന്നു. ഇതെല്ലാം ഉപേക്ഷിക്കുവാൻ നിൻെറ അച്ഛൻ തയ്യാറാകുമോ ആവോ? നിൻെറ ഇഷ്ടംപോലെ ചെയ്യുന്നതിന്ന് എനിക്കു വിരോധമില്ല. നിന്നെ പഠിപ്പിച്ചതു ഞങ്ങളാരും പണം ചിലവുചെയ്തിട്ടല്ലല്ലോ. നിൻെറ സാമൎത്ഥ്യംകൊണ്ടു നീ ഇത്രത്തോളം പഠിച്ചുവെന്നേയുള്ളു. അതിൽനിന്ന് ഒരു സമ്പാദ്യവും ഞാനാഗ്രഹിക്കുന്നില്ല." അമ്മയുടെ മറുപടി മകൻെറ മനസ്സിന്നു യോജിച്ചതായിരുന്നു. എന്നാൽ ദാരിദ്ര്യത്തിൽ വളൎന്നുവന്ന സ്വാമിശാസ്ത്രിക്കു സൎവ്വാധികാൎയ്യക്കാരുടെ സഹായസൌഹാൎദ്ദങ്ങൾ അധികം സ്വീകാൎയ്യങ്ങളായിട്ടാണു തോന്നിയതു്.

രണ്ടുമൂന്നു ദിവസം കഴിഞ്ഞപ്പോൾ സൎവ്വാധികാൎയ്യക്കാർ വീണ്ടും വന്നു. അദ്ദേഹം ശ്രീനിവാസനെ കണ്ടു സംസാരിച്ചു സന്തോഷത്തോടുകൂടി പറഞ്ഞു: "ശ്രീനിവാസൻ ഇപ്പോൾതന്നെ എൻെറകൂടെ വരട്ടെ. ഞാൻ അയാളെ മഹാരാജാവു തിരുമനസ്സിലേയ്ക്കു പരിചയപ്പെടുത്താം. പരീക്ഷ ജയിച്ച വിവരം അറിഞ്ഞാൽ ഉടനേതന്നെ നല്ലൊരു പ്രവൃത്തിയും കൊടുപ്പിക്കാം. ഏതായാലും നമുക്ക് ഈ വിവാഹകാൎയ്യം താമസിക്കാതെ നടത്തണം." ശ്രീനിവാസൻ അച്ഛൻെറ ഇഷ്ടമനുസരിച്ച് അദ്ദേഹത്തിൻെറ കൂടെ പോകുവാൻ സമ്മതിച്ചു. എന്നാൽ അയാൾ വിവാഹകാൎയ്യത്തെപ്പററി യാതൊന്നും പറയുകയുണ്ടായില്ല. തൻെറ

ജാമാതൃസ്ഥാനം വഹിക്കുവാനിടയുള്ള യുവാവിനെ ശങ്കരയ്യർ മഹാരാജാവു തിരുമനസ്സിലേയ്ക്കു സാഭിമാനം പരിചയപ്പെടുത്തിയപ്പോൾ തിരുമനസ്സുകൊണ്ടു് ശ്രീനിവാസനോടു ചോദിച്ചു: "പഠിപ്പു കഴിഞ്ഞു, അല്ലേ? ഇനി എന്തു തൊഴിലിൽ ഏർപ്പെടുന്നതിന്നാണു് മോഹം?"

ശ്രീനിവാസൻ—പഠിപ്പു് ഇത്രവേഗം കഴിയുമെന്നു വിചാരിച്ചിരുന്നില്ല. ഈയുള്ളവൻെറ നിർഭാഗ്യംകൊണ്ടു് അങ്ങിനെ വന്നുചേർന്നു. ഇംഗ്ലീഷു പഠിപ്പു കഴിഞ്ഞാൽ ശ്രീമാൻ ശങ്കരശാസ്ത്രിയുടെ അടുക്കൽ കുറേക്കാലം ശാസ്ത്രങ്ങൾ വായിക്കണമെന്നായിരുന്നു ആഗ്രഹം. എന്നാൽ അദ്ദേഹം അകാലനിര്യാതനായിപ്പോയി. ഇനി അദ്ധ്യാപകവൃത്തിയിലാണു് എനിക്കു് ഏററവും അഭിരുചിയുള്ളതു്.

മഹാരാജാവു്—ഏതു ശങ്കരശാസ്ത്രി? ഗദാധരശാസ്ത്രിയുടെ വംശത്തിലുണ്ടായിരുന്ന ആ ചെറുപ്പക്കാരനോ?

ശ്രീനിവാസൻ—അതെ.

മഹാരാജാവു്—അതു വലിയ കഷ്ടമായിപ്പോയി. അദ്ദേഹം ഇവിടെ കൊല്ലംതോറുമുണ്ടാകാറുള്ള വിദ്വത്സദസ്സിൽ വന്നു വാക്യാർത്ഥം പറഞ്ഞു കേട്ടിട്ടുണ്ടു്. നല്ലൊരു ബുദ്ധിമാനും, പണ്ഡിതനും, പ്രതിഭാശാലിയുമാണെന്നാണു നമുക്കു തോന്നീട്ടുള്ളതു്. അദ്ദേഹത്തിന്നു് ഒരദ്ധ്യാപകപദം കൊടുക്കണമെന്നാണു നാം ഉദ്ദേശിച്ചിരുന്നതു്. ആ തറവാട്ടുകാർ പണ്ടുതന്നെ നമ്മുടെ ആശ്രിതന്മാരാണു്.

മഹാരാജാവു തിരുമനസ്സുകൊണ്ടും ശ്രീനിവാസനും തമ്മിലുണ്ടായ സംഭാഷണത്തിൽ പ്രസ്താവയോഗ്യമായ അംശം ഇത്ര മാത്രമേയുള്ളു. എന്നല്ല, ശാസ്ത്രിയുടെ വർത്തമാനം കേട്ടതോടുകൂടി തിരുമനസ്സുകൊണ്ടു തനിക്കു പരിചയപ്പെടുത്തപ്പെട്ട യുവാവു സർവ്വാധികാര്യക്കാരുടെ ഭാവിജാമാതാവാകാമെന്നുള്ള കഥതന്നെ വിസ്മരിച്ചുപോയി. പണ്ഡിതകേസരിയായിരുന്ന തിരുമേനിയുടെ ഹൃദയത്തിൽ ശ്രീനിവാസനെപ്പററി നല്ലൊരഭിപ്രായം ജനിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി, ശ്രീനിവാസൻ പരേതനായ ശങ്കരശാസ്ത്രിയുടെ ശിഷ്യനാണെന്നും അദ്ദേഹത്തിൻെറ അടുക്കൽനിന്നു കുറെ സംസ്കൃതം പഠിച്ചിട്ടുണ്ടെന്നും ശങ്കരയ്യർ തിരുമനസ്സറിയിച്ചു. അതുകൊണ്ടു് ശ്രീനിവാസൻെറ ഗുണഗ്രാഹിത്വവും, വിവേകവും തിരുമനസ്സിലേയ്ക്കു വെളിപ്പെടാതിരുന്നതുമില്ല. എന്നാൽ ശങ്കരയ്യരുടെ കാര്യസിദ്ധിക്കു് അതു മതിയായോ എന്നു് സംശയമാണു്.

൪

രാജ്യകാര്യവശാൽ തൃശ്ശിവപേരൂർ കോവിലകത്തു് എഴുന്നള്ളിപ്പാർത്തിരുന്ന മഹാരാജാവുതിരുമനസ്സിലെ തൃക്കൈവിളയാട്ടത്തിന്നായി

പല ഹരജികളും വന്നിട്ടുണ്ടായിരുന്നു. അവയിലൊന്നെടുത്തു് വായിച്ചുനോക്കിയശേഷം തിരുമേനി അടുത്തു നിന്നിരുന്ന സർവ്വാധികാര്യക്കാരോട് അരുളിച്ചെയ്തു: "ഇതു് ഈയിടെ ഒരു ദിവസം ശങ്കരയ്യൻ ഇവിടെ കൂട്ടിക്കൊണ്ടുവന്നിരുന്ന ആ ബുദ്ധിമാനായ യുവാവിൻേറതാണെന്നു തോന്നുന്നു. കോളേജിൽ ഒഴിവുള്ള അദ്ധ്യാപകസ്ഥാനത്തിൽ തന്നെ നിയമിച്ചാൽ കൊള്ളാമെന്നാണ് ഈയാളപേക്ഷിക്കുന്നതു്. ഈയാൾ ശങ്കരയ്യൻെറ ചാർച്ചക്കാരനാവാൻപോകുന്ന ഒരാളാണല്ലോ.

ശങ്കരയ്യർ:— ആ വിവാഹകാര്യം വിചാരിച്ചപോലെയല്ല വന്നുകൂടിയതു്. അയാൾ വേറൊരു കന്യകയെ വിവാഹം ചെയ്യുവാൻ നിശ്ചയിച്ചിട്ടുണ്ടെന്നും വിവാഹകർമ്മം നാളെയാണു നടത്തുവാൻ പോകുന്നതെന്നും കേട്ടു. അതുകൊണ്ടാണ് അയാളുടെ കാര്യത്തെപ്പററി ഞാൻ ഒന്നും അറിയിക്കാത്തതു്.

സർവ്വാധികാര്യക്കാരുടെ ഒടുവിലത്തെ വാക്ക് തിരുമനസ്സിലേക്കു് ലേശം രുചിച്ചില്ല. അവിടുന്നു് ആ യുവാവിനെപ്പററി ഒരു വാക്കു കൂടി ചോദിക്കാമെന്നു തീർച്ചയാക്കി. "പിന്നെ അയാൾ ആരുടെ മകളെയാണു വേളി കഴിക്കുന്നതു്?" എന്നായിരുന്നു അവിടുത്തെ ചോദ്യം. അതിന്നു മറുപടി പറയാതിരിപ്പാൻ നിവൃത്തിയില്ലെന്നു കണ്ടു് ശങ്കരയ്യർ തുടർന്നു: "മരിച്ചുപോയ ശങ്കരശാസ്ത്രിയുടെ മകളെയാണത്രെ." ഇതു കേട്ടപ്പോൾ തിരുമുഖത്തു് ഒരു മന്ദഹാസമാണുണ്ടായതു്. ശങ്കരശാസ്ത്രി നിർദ്ധനനായിരുന്നുവെന്നു് അവിടുന്നു മുമ്പുതന്നെ അറിഞ്ഞിരുന്നു. അദ്ദേഹത്തിൻെറ സന്താനമായി ഒരു പുത്രിമാത്രമേ ഉള്ളുവെന്നും, ആ പെൺകുട്ടിയെ യാതൊരു ധനേച്ഛയുംകൂടാതെ ശ്രീനിവാസൻ വിവാഹം ചെയ്യുവാൻ നിശ്ചയിച്ചുവെന്നും കേട്ടപ്പോൾ തിരുമേനിക്കു വളരെ സന്തോഷമായി. ശങ്കരയ്യരുടെ ബന്ധുത്വത്തേയും ധനത്തേയും തിരസ്കരിച്ച കൂട്ടത്തിൽ തൻെറ പ്രസാദത്തേയുംകൂടി ആ യുവാവു നിസ്സാരമായി തള്ളിക്കളയുന്നുണ്ടോ എന്നുകൂടി അദ്ദേഹം ശങ്കിക്കാതിരുന്നില്ല. ഏതായാലും അയാളുടെ സദുദ്ദേശത്തെ മനസ്സുകൊണ്ടു് അഭിനന്ദിച്ചു്, "ശങ്കരയ്യൻ, ഈ ഹരജി വേറെ എടുത്തു വെയ്ക്കുക. അതിനെപ്പററി നമുക്കു പിന്നീടു് ആലോചിക്കാം" എന്നു മാത്രം അരുളിച്ചെയ്തു.

ശ്രീനിവാസൻേറയും സരസ്വതിയുടേയും വിവാഹം നിശ്ചിത ദിവസത്തിൽ ശ്രീമഠത്തിൽവെച്ചു മംഗളമായി നടത്തപ്പെട്ടു. ശ്രീനിവാസൻെറ മനോഗുണത്തെ നാട്ടുകാരെല്ലാവരും പ്രശംസിച്ചു. സരസ്വതിയുടെ ഭാഗ്യത്തെ സകലസുഹൃജ്ജനങ്ങളും ഹൃദയപൂർവ്വം അഭിനന്ദിച്ചു. പുത്രൻെറ ഇഷ്ടത്തിന്നു് പ്രതികൂലമായി പ്രവർത്തിക്കുവാൻ ഒരുങ്ങാത്ത പിതാവുംകൂടി ശ്രീനിവാസൻെറ ഗുരുഭക്തിയേയും കൃതജ്ഞതയേയും സാഭിമാനം ശ്ലാഘിക്കാതിരുന്നില്ല.

പരദേശബ്രാഹ്മണരുടെ ഇടയിൽ നടപ്പുള്ള വേളിച്ചടങ്ങുകളിൽ അർത്ഥശൂന്യങ്ങളായ അനേകം അംശങ്ങളുണ്ട്. എന്നാൽ അവയുടെ കൂട്ടത്തിൽ ഗൌരവമേറിയ പല ആചാരങ്ങളും ഒളിഞ്ഞു കിടക്കുന്നതായി കാണാം. നാലുദിവസത്തെ വിവാഹാഘോഷത്തിന്നുശേഷം വിവാഹകർമ്മങ്ങളുടെ അവസാനത്തിൽ ആശിർവ്വാദം എന്നു പേരായി ഒരു ക്രിയയുണ്ട്. ഗൃഹസ്ഥാശ്രമം കൈക്കൊള്ളുന്ന നവദമ്പതിമാരെ അനുഗ്രഹിപ്പാനായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ആ ക്രിയയിലടങ്ങിയ ചില ചടങ്ങുകൾ അത്യന്തം നിരർത്ഥകങ്ങളാണെന്നുള്ളതിൽ സംശയമില്ല. എന്നാൽ ആജീവനാന്തം നിലനില്ക്കേണ്ട ദാമ്പത്യബന്ധം അഗ്നിദേവൻെറ സാക്ഷ്യത്തോടെന്നപോലെതന്നെ ധർമ്മസ്ഥാപകനായ മതാചാര്യൻേറയും നീതിനിയന്താവായ പ്രജാപരിപാലകൻേറയും സാന്നിദ്ധ്യത്തോടുംകൂടിയാണ് ആരംഭിക്കപ്പെട്ടിരുന്നതെന്നു പ്രത്യക്ഷപ്പെടുത്തുന്ന ചില സാരമേറിയ അംശങ്ങളും ആ ക്രിയയുടെ ചടങ്ങുകളിൽ ഉൾപ്പെട്ടിട്ടുള്ളതായി കാണപ്പെടുന്നുണ്ട്.

വിവാഹത്തിൻെറ നാലാംദിവസം ശ്രീമഠത്തിലെ മുററത്തു മോടികൂടാതെ നിർമ്മിച്ചിരുന്ന ചെറുപന്തലിൽ നവദമ്പതിമാരെ ആശിർവ്വദിപ്പാനായി വൈദികബ്രാഹ്മണരും ഗുരുജനങ്ങളും നിറഞ്ഞിരുന്നു. ശ്രേയസ്കരങ്ങളായ അവരുടെ ആശിർവ്വാദങ്ങളെ സാദരം സ്വീകരിപ്പാനായി നവദമ്പതിമാർ കാത്തിരിപ്പായി. വിവാഹാവസരത്തിൽ മംഗളാശംസയോടുകൂടി സുഹൃജ്ജനങ്ങൾ സമർപ്പിക്കുന്ന സമ്മാനങ്ങളെ പുരോഹിതൻ വാങ്ങി ദമ്പതിമാക്കു നല്കി. ദമ്പതിമാർ ദക്ഷിണ കൊടുക്കേണ്ടവരെല്ലാം തങ്ങളുടെ ശക്തിക്കൊത്തവണ്ണം ദക്ഷിണ കൊടുത്തു. അതിൻെറ ശേഷം പുരോഹിതൻ, "ഇമൌ ദമ്പതീ, ശചീപുരന്ദരാവിവ സകലസൌഭാഗ്യസമ്പന്നൌ * * * *" എന്നിങ്ങിനെ നീട്ടിവലിച്ചു കാദംബരി തുടങ്ങിയ സംസ്കൃതാഖ്യായികകളുടെ വാക്യരീതിയിൽ വാർത്തുവെച്ചിട്ടുള്ള അതിദീർഘമായ ആശിർവ്വാദപരമ്പരയെ ശ്വാസോച്ഛ്വാസം ചെയ്യുവാൻ പോലും നില്ക്കാതെ ദമ്പതിമാരുടെ ശിരസ്സുകളിൽ കോരിച്ചൊരിയുവാൻ ഒരു ശാസ്ത്രികളെ പ്രേരിപ്പിച്ചു. ശാസ്ത്രികൾ ആ കൃത്യം നിർവ്വഹിക്കുവാൻ തുടങ്ങുന്നതിനിടയ്ക്കു പുരോഹിതൻ പ്രസ്തുതക്രിയയിലെ പ്രധാനതമങ്ങളായ ഒന്നുരണ്ടംശങ്ങൾകൂടി അനുഷ്ഠിച്ചു ക്രിയയെ മുഴുമിക്കുവാനുള്ള ഉദ്ദേശത്തോടുകൂടി, ഒരു തളികയിൽ ഒരു ചെമ്പുനാണ്യമെടുത്തുവച്ച്, "ശങ്കരാചാര്യസംഭാവന" എന്ന് ഉച്ചത്തിൽ പറഞ്ഞു. അപ്പോൾ അടുത്തുണ്ടായിരുന്ന ഒരു വൈദികൻ, ആചാര്യസ്വാമികളുടെ പ്രതിനിധി താൻതന്നെയാണെന്നുള്ള നാട്യത്തിൽ, കാലണ കിട്ടുമെന്നുള്ള കൊതിയോടുകൂടി അതു സ്വീകരിച്ചു. വീണ്ടും പുരോഹിതൻ തളികയിൽ

കുറെ വെററിലയും അടയ്ക്കയും എടുത്തുവെച്ച്, "രാജതാംബൂലം" എന്ന് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. രാജപ്രാതിനിധ്യംവഹിച്ച് ആ വെറും വെററിലടയ്ക്ക കൈക്കൊള്ളുവാൻ തല്ക്കാലം ആരേയുംകാണാത്തതുകൊണ്ട് പുരോഹിതൻ ആ രാജഭാഗത്തെ ഭൂതലത്തിലിടുവാൻ ഭാവിച്ചു. അപ്പോഴയ്ക്കും അതിതേജസ്വിയുംഗംഭീരാകൃതിയുമായ ഒരുമഹാപുരുഷൻ ആ കൊച്ചു പന്തലിൽ പ്രവേശിച്ചു, പുരോഹിതന്നഭിമുഖമായി നിന്നു പുഞ്ചിരിതൂകിക്കൊണ്ട്, തൻെറ പിന്നിൽ നിന്നിരുന്ന ഉദ്യോഗസ്ഥനോട്, "ശങ്കരയ്യൻ, അതു നമുക്കുള്ള ഉപഹാരമാണ്. അതിങ്ങോട്ടു വാങ്ങിക്കോളു" എന്നു പറഞ്ഞു. അപ്രതീക്ഷിതമായി ആ വിവാഹമണ്ഡപത്തിൽ പ്രവേശിച്ച ആ പുരുഷപുംഗവൻ മാടമഹീശനാണെന്നു മനസ്സിലായപ്പോൾ പുരോഹിതൻെറ കയ്യിലുണ്ടായിരുന്ന താംബൂലത്തളിക താഴത്തു വീണുപോയി. അവിടെയുണ്ടായിരുന്നവരെല്ലാം പരിഭ്രമിച്ചെഴുന്നേററപ്പോൾ തിരുമനസ്സുകൊണ്ട്, "വരട്ടെ, പരിഭ്രമിക്കണ്ട. വിവാഹച്ചടങ്ങുകളെല്ലാം വിധിപ്രകാരം നടന്നുകൊള്ളട്ടെ. ഗദാധരശാസ്ത്രികളുടെ വംശത്തിലുള്ളവർ ഇപ്പോഴും നമ്മുടെ ആശ്രിതന്മാരാണെന്നു കാണിപ്പാനും വിവാഹാവസരങ്ങളിൽ നിങ്ങൾ തരാറുള്ള താംബൂലം സ്വീകരിക്കുവാൻ നമുക്ക് അർഹതയുണ്ടെന്ന് അറിയിപ്പാനും മാത്രമായിട്ടാണു നാം ഇങ്ങോട്ടിറങ്ങിയതു്." എന്ന് അരുളിച്ചെയ്തു നവദമ്പതിമാൎക്കു നല്കുവാനായി കൊണ്ടുവന്നിരുന്ന രണ്ടു പാരിതോഷികങ്ങളെ അവൎക്കു യഥാക്രമം കൊടുക്കുവാൻ സർവ്വാധികാര്യക്കാരോട് ആജ്ഞാപിച്ചു. സർവ്വാധികാര്യക്കാർ രാജാജ്ഞയനുസരിച്ചു സമ്മാനങ്ങളിലൊന്നു വധുവിൻെറയും മറേറതു വരൻെറയും കൈയ്യിൽ കൊടുത്തു. അവയിലൊന്ന് അമൂല്യമായ ഒരു രത്നാംഗുലീയകവും മറേറതു ശ്രീമാൻ ശ്രീനിവാസനെ കോളേജിലെ അദ്ധ്യാപകപദത്തിൽ നിയമിച്ചതായി അറിയിക്കുന്ന രാജശാസനവുമായിരുന്നു.

# ശകാരത്തിനു ശകാരം.

[കൈരളീ പത്രാധിപർ]

സാഹിത്യശകാരവും ശകാരസാഹിത്യവും കൊണ്ടു്, സഹൃദയന്മാരുടെ സവിശേഷമായ ശ്രദ്ധയ്ക്കു് അർഹനായിത്തീർന്നിരിക്കുന്ന സാഹിത്യശിരോമണി പി. കൃഷ്ണൻനായരവർകൾ വീരവാദവും വിതണ്ഡാവാദവും മുഴക്കുന്നതിന് ഉചിതമായ ഒരു രംഗം 'ഗുരുനാഥന്റെ' കഴിഞ്ഞ ലക്കത്തിൽ സമ്പാദിച്ചിരിക്കുന്നതു കണ്ടപ്പോൾ, ഞങ്ങൾക്കുണ്ടായ ആശ്വാസം അവർണ്ണനീയമത്രെ. ആട്ടക്കഥാപ്രസ്ഥാനത്തിന്റെ ആഗമത്തെക്കുറിച്ചു്, അഭിനവമാണെങ്കിലും അസംഗതമായ, ഒരഭിപ്രായം പ്രകാശിപ്പിക്കുവാൻ ആ ഗവേഷണപടുവിനു സ്ഥലം അനുവദിച്ചുപോയതു വിചാരിച്ചുമാത്രമാണു് കൈരളിക്കു പശ്ചാത്താപം. യുക്തിയെ ആദരിക്കാതെ, മര്യാദയെ പരിഗണിക്കാതെ, 'ഞാൻ പിടിച്ച മുയലിനു മൂന്നു കൊമ്പ്' എന്ന രീതിയിൽ വാദം തുടങ്ങിയതിനാൽ, മഹാകവി ഉള്ളൂർ മൗനം ഭജിച്ചതു് സ്വവിജയമായി വ്യാഖ്യാനിക്കുകയും 'രോഹിണി'ശബ്ദത്തിനു 'രോഹിണീനക്ഷത്രജാത'യെന്ന അർത്ഥം വ്യാകരണശാസ്ത്രസമ്മതമാകയാൽ, ശിരോമണിയുടെ സിദ്ധാന്തം ഒരു സിദ്ധാന്തം മാത്രമാണെന്നു ചൂണ്ടിക്കാണിച്ച മറ്റൊരു പണ്ഡിതന്റെ നേരെ, ഔദ്ധത്യശൃംഗത്തിന്റെ അഗ്രത്തിൽ കയറിനിന്നു കല്ലെറികയും ചെയ്യു സന്ദർഭത്തിൽ തന്നെ 'മദിരാശിപ്പിത്തലാട്ടത്തിന്റെ' ചെമ്പു പുറത്താകാതിരുന്നിട്ടില്ല. 'ഇതാണോ മറുപടി,' എന്ന പേരിൽ, ആ തോറ്റാലും തോൽക്കാത്ത മഹാപണ്ഡിതൻ അയച്ചിരുന്ന ലേഖനം 'പുരുഷപര'മായ വിദ്വേഷത്തിന്റെ ഉദ്വമനം മാത്രമായിരുന്നതുകൊണ്ടു്, ഞങ്ങൾ ചവറ്റുകൊട്ടയിൽ അതിനെ വിശ്രമിപ്പിച്ചിരിക്കുകയായിരുന്നു. സ്റ്റാമ്പയച്ചു തന്നിരുന്നെങ്കിൽ, ആ അമൂല്യമായ ലേഖനം കൃതജ്ഞതാപൂർവ്വം മടക്കിയയയ്ക്കുമായിരുന്നു താനും. രണ്ടു മൂന്നു മാസത്തേയ്ക്കു് ആ ശകാരസാഹിത്യം പുറത്തു വരാതിരുന്നതിനുള്ള ശരിയായ കാരണം ഈ അവസരത്തിൽ ഞങ്ങൾ ആ മദിരാശി വിദഗ്ദ്ധനെ വിനയപൂർവ്വം അറിയിച്ചുകൊള്ളട്ടെ. വിദ്വാൻ പരീക്ഷകഴിഞ്ഞു് തൃശ്ശിവപേരൂർ സന്ദർശിച്ച അവസരത്തിൽ ആ സുചരിതൻ, കൈരളിയിൽ ലേഖനം കാണാഞ്ഞതിനാൽ വിഷാദിച്ചു്, അതടിക്കുന്ന പ്രസ്സിൽചെന്നു് ശാസനവും അനുശാസനവും ആരംഭിച്ചപ്പോൾ ഈ പരമാർത്ഥം ഉൽബോധിപ്പിക്കുവാൻ മാസികാപ്രവർത്തകന്മാർ അവിടെ ഉണ്ടായിരുന്നില്ല; വിഷാദിക്കുന്നു.

ആ ലേഖനം പിന്നെ കൈരളിയിൽ എങ്ങനെ കടന്നുകൂടി? ഈ സ്വാഭാവികമായ ചോദ്യത്തിനുകൂടി സമാധാനം പറയുവാൻ ഞങ്ങൾ നിർബ്ബദ്ധരായിരിക്കുന്നു. മാസികയുടെ ആധിപത്യം വഹിച്ചി

രുന്ന ശ്രീമാൻ ജി. ശങ്കരക്കുറുപ്പ് അനാരോഗ്യം നിമിത്തം സ്ഥലത്തില്ലാതിരുന്നതിനാൽ ഒന്നുരണ്ടു മാസത്തേയ്ക്കു് ആ ചുമതല മാന്യനായ ഒരു സുഹൃത്തിനെയാണു് ഏല്പിച്ചിരുന്നതു്. അപരിചിതനായ അദ്ദേഹമാണു 'നഗ്നമായ ഭാഷയിലുള്ള ശകാരം കളഞ്ഞു് സഭ്യമായ രീതിയിൽ ഒരു ഖണ്ഡനം അയച്ചാൽ പ്രസിദ്ധപ്പെടുത്താ'മെന്നു മിസ്റ്റർ കൃഷ്ണൻനായരെ സമാശ്വസിപ്പിച്ച 'പത്രാധിപപ്രതിനിധി.' ആ യുവാവു സാഹിത്യശിരോമണി, ശ്രീമാൻ, പി. കൃഷ്ണൻ നായരവർകളുടെ നിരൂപണത്തിന്റെ സ്വഭാവം പണ്ടു ഗ്രഹിച്ചിരുന്നെങ്കിൽ അങ്ങനെ വാഗ്ദാനം ചെയ്യുവാൻ ധൈര്യപ്പെട്ടുമായിരുന്നില്ല; നിശ്ചയംതന്നെ. അദ്ദേഹമാണു മഹാപണ്ഡിതന്റെ വൃഥാസ്ഥൂലമായ ദൂഷിച്ച ലേഖനത്തിനു് ഉചിതമായ ഒരു ശസ്ത്രക്രിയ നടത്തിയതു്. പക്ഷേ, ആ ശസ്ത്രപ്രയോഗത്താൽ സ്വതവേ വികൃതമായ ആ മാംസളലേഖനത്തിന്റെ ദുർമ്മേദസ്സു മുഴുവൻ പോയില്ല; കൈചില ദിക്കിൽ അല്പമൊന്നു കടന്നുകൊള്ളുകയും ചെയ്തു. ആ നിർജ്ജീവവാക്യകലാപത്തിന്മേൽ ശസ്ത്രക്രിയ നടത്തേണ്ടതില്ലായിരുന്നുവെന്നുമാത്രമേ ഞങ്ങൾക്കു പറയുവാനുള്ളു.

ശ്രീമാൻ കൃഷ്ണൻ നായരവർകളുടെ സന്തോഷത്തിനുവേണ്ടി കൈരളിയിൽക്കാണുന്ന അച്ചുപിഴപോലും പത്രാധിപരുടെ പാണ്ഡിത്യദാരിദ്ര്യത്തിനു തെളിവുകളാണെന്നു സമ്മതിച്ചേക്കാം. എന്നാൽ, 'ഗുരുനാഥ'നിൽ 'പത്രാധിപപ്രഭാവം' എഴുതിയിരിക്കുന്ന വിരുതൻ ലിപിവിന്യാസംമുതൽ അഭ്യസിക്കേണ്ടതായിട്ടാണിരിക്കുന്നതു്. 'ജൽപനം' 'കൽപിക്കുക' എന്നൊക്കെ എഴുതുന്നതു ശരിയല്ലെന്നു ഗ്രഹിക്കുവാനാണു 'ഗുരുനാഥനെ' സേവിക്കുവാൻ പുറപ്പെട്ടതെങ്കിൽ എത്ര നന്നായിരുന്നു! ദക്ഷിണയ്ക്കുള്ള അർഹത 'ഗുരുനാഥ'നു ന്യായ്യമായിത്തന്നെ ലഭിക്കുമായിരുന്നില്ലേ?

'ശിരോമണി'യുടെ ഭാഷാവിഷയകമായ ജ്ഞാനവും കൈരളീപ്രവർത്തകന്മാർക്കു് അസൂയാജനകമല്ല. സംബോധികാവിഭക്തിയും പ്രതിഗ്രാഹികാ വിഭക്തിയും തിരിച്ചറിയാവുന്ന ഒരാളാണു് അദ്ദേഹമെങ്കിൽ, 'മഹാജനങ്ങളെ' ഇങ്ങനെ സംബോധനം ചെയ്യുമായിരുന്നുവോ?

'ഓ' എന്ന നിപാതശബ്ദത്തിന്റെ രൂപംതന്നെ അദ്ദേഹത്തിനു പരിചിതമല്ല. 'ഇതാണൊ മറുപടി?' 'കാലദോഷത്തെയൊ ദൈവദുർവ്വിപാകത്തെയൊ', ഭൂമിക്കയൊ അഭിമാനിക്കയൊ', എന്നൊക്കെയായിരിക്കുമോ മദിരാശിമലയാളം?

'പശ്ചാത്താപം' പ്രയോഗിച്ചിരിക്കുന്ന ഒരു വാക്യം ഇവിടെ ഉദ്ധരിച്ചാൽ അദ്ദേഹത്തിന്റെ പാണ്ഡിത്യവൈഭവം ശരിയായി മനസ്സിലാക്കാതിരിക്കുന്നവർക്കൊക്കെ പശ്ചാത്താപം ജനിക്കും.

"...... ആ കൈരളിയുടെ കാലദോഷത്തേയൊ, ഈയുള്ളവന്റെ ദൈവദുർവ്വിപാകത്തേ"യൊ, ഏതിനെക്കുറിച്ചാണ് പശ്ചാത്തപിക്കേണ്ടതു്?" കൈരളിയുടെ കാലദോഷത്തെക്കുറിച്ചു തപിക്കുകയും സ്വന്തം അബദ്ധത്തെക്കുറിച്ചു പശ്ചാത്തപിക്കുകയുമാണ് ഈ സന്ദർഭത്തിൽ കർത്തവ്യം.

വാക്യരചനാവൈദഗ്ദ്ധ്യത്തെക്കുറിച്ച് സഹസ്രതാഡം ശ്ലാഘിക്കേണ്ട സന്ദർഭങ്ങളും മിസ്റ്റർ കൃഷ്ണൻനായരുടെ ലേഖനത്തിൽ സുലഭമാണ്.

"ഞങ്ങൾ ആവശ്യമനുസരിച്ചു ഞങ്ങൾ ഈ രാജ്യത്തുള്ള ഗർഭശ്രീമാന്മാരെ ആശ്രയിച്ചു പ്രതിഭാദി സാമർത്ഥ്യം പ്രദർശിപ്പിച്ചുവെന്നു വരാം."

ഗർഭശ്രീമാന്മാരെയോ ഗർഭശ്രീമതികളെയോ ആശ്രയിച്ചു സാമർത്ഥ്യം പ്രദർശിപ്പിക്കുന്നവർക്ക് 'ഞങ്ങൾ, ഞങ്ങൾ' എന്നു തോന്നുമായിരിക്കാം. "എഴുത്തിലെ വാക്യം അസ്ഫുത്തിക്കു' എന്നെ വിഷമിപ്പിച്ചതുപോലെ." അനുകരണീയമായ ഭാഷാശൈലി! അഭിലഷണീയമായ പ്രയോഗജ്ഞാനം!

'കോട്ടയത്തു തമ്പുരാന് അപരാധികളാവുകയില്ലായിരുന്നു,' എന്നെഴുതുന്ന ശൈലീവിശേഷജ്ഞന്മാരും 'ശൃംഗാരച്ഛായയോടുകൂടിയ വല്ല ഘട്ടവും തൽപ്രധാനമായഭിനയിക്കുവാൻപോലും ആട്ടക്കഥക്കാർ മടിക്കയില്ല' എന്നെഴുതുന്ന ശാബ്ദികശിരോമണികളുംതന്നെ വേണം മലയാളശൈലിയുടെ മാഹാത്മ്യവും പ്രയോഗവിജ്ഞാനത്തിന്റെ ആവശ്യകതയും പ്രസംഗിക്കുവാൻ!

'പുരുഷപരം' എന്ന പ്രയോഗത്തിന്റെ സാധുത്വത്തെക്കുറിച്ചു ചിന്തിക്കുന്ന സന്ദർഭം സാഹിത്യശിരോമണിയുടെ ഭാഷാത്രിതയ പാണ്ഡിത്യത്തിനു തികഞ്ഞ തെളിവാണ്. 'Personal' എന്ന പദത്തിന്റെ അർത്ഥം 'പുരുഷപരം' എന്നതിനില്ലെന്നും 'വ്യക്തിപര'മെന്ന ശബ്ദമാണു സമാനാർത്ഥകമെന്നുമാണു വിശേഷകപണ്ഡിതനായ മിസ്റ്റർ നായരുടെ പുതിയ കണ്ടുപിടിത്തം. 'Person' എന്ന ശബ്ദത്തിനു പുരുഷൻ എന്നർത്ഥമില്ലെന്നു തെളിയിക്കുവാൻ വല്ല 'ഗദാധരന്മാരെ'യും അദ്ദേഹം അഭയം പ്രാപിക്കുമോ എന്നറിഞ്ഞില്ല. വ്യാകരണസാഹിത്യശിരോമണിയല്ലെങ്കിലും, പണ്ഡിതസാർവ്വഭൌമനായിരുന്ന Prof. ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ സ്വകൃതിയായ സാഹിത്യസാഹ്യത്തിൽ "Personal hatred' എന്നതിനു തുല്യാർത്ഥകമായി 'പുരുഷദ്വേഷം' എന്ന പദം പ്രയോഗിച്ചു കാണുന്നു. ["പുരുഷദ്വേഷവർജ്ജനം: - പ്രതിപക്ഷിയുടെ പക്ഷത്തോടല്ലാതെ പ്രതിപക്ഷിയായ പുരുഷനോട് (ആളോട്) ദ്വേഷം വന്നുപോകരുതു്." Page 79. സാഹിത്യസാഹ്യം.] സ്ത്രീയോടു ദ്വേഷം ആവാം എന്ന അർത്ഥത്തിലാണ്, 'പീനപാണ്ഡിത്യനായ' പി. കൃഷ്ണൻനായര

വർകൾ പ്രസ്തുതോപദേശം വ്യാഖ്യാനിക്കുകയെന്ന് ആ തിരുമേനി സംശയിച്ചിട്ടുണ്ടാവാൻ ഇടയില്ല. സാഹിത്യസാഹ്യകാരന് ഇംഗ്ലീഷിലും സംസ്കൃതത്തിലും മലയാളത്തിലും ശ്രീമാൻ കൃഷ്ണൻനായരവർകൾക്കെന്നപോലെ പാണ്ഡിത്യമില്ലായിരുന്നിരിക്കാം! 'കുളുർക്കെ നോക്കി'യെന്ന വാക്യത്തിനു സന്തോഷരോമാഞ്ചം ജനിക്കത്തക്കവണ്ണം നോക്കിയെന്നാണ് അർത്ഥമെന്നും "കുളിർ' കടാക്ഷപാത്രമാകുന്ന ആൾക്കാണു ജനിക്കുന്നതെന്നും ഗ്രഹിക്കുവാനുള്ള ഭാഷാജ്ഞാനം സമ്പാദിച്ചിരുന്നെങ്കിൽ 'She looked coldly' എന്നോ മറ്റോ 'ശിരോമണി' വിവർത്തനം ചെയ്തു കാണിക്കുകയോ ശൈലീഭംഗം മാത്രം ആരോപിക്കുകയോ ചെയ്യുമായിരുന്നില്ല. 'കുളുർക്കെ നോക്കി' എന്നതു ശൈലീവിശേഷമാണെന്നു ഭ്രമിക്കുന്ന പണ്ഡിതൻ ശൈലീശബ്ദംകൊണ്ടു വിവക്ഷിക്കുന്നതെന്താണെന്ന് അദ്ദേഹത്തിനേ അറിയാവൂ. ആംഗലഭാഷാശൈലികളെ, പ്രത്യേക പ്രയോജനം കൂടാതെ അംഗീകരിക്കണമെന്നു ഞങ്ങൾക്ക് അഭിപ്രായമുണ്ടെന്നു മദിരാശിയിൽ ചെന്ന് ഈ കേരള ശൈലീസംരക്ഷകനോട്ട് ആരാണാവോ രഹസ്യമായി മന്ത്രിച്ചത്?

'ഭ്രാന്തപ്രലപനത്തിനു സമാനയോഗക്ഷേമ'മായിട്ടാണു ശ്രീമാൻ പി. കൃഷ്ണൻനായരവർകൾ പലപ്പോഴും വാദപ്രതിവാദം പൊടിപൊടിക്കുന്നതെന്ന് 'ഇതാണോ മറുപടി!?' എന്ന ലേഖനം കാണുന്നതിനു മുൻപും സഹൃദയന്മാർ മനസ്സിലാക്കിയിരിക്കുവാനിടയുണ്ട്. ഒന്നു രണ്ടു ദൃഷ്ടാന്തങ്ങൾ മാത്രമേ ഞങ്ങൾ എടുത്തു പറയുന്നുള്ളൂ.

'രോഹിണീജന്മനഃ,' എന്ന പദം മഹാകവി വിവക്ഷിക്കുന്ന അർത്ഥത്തിലാണു പ്രയോഗിച്ചിരിക്കുന്നതെങ്കിൽ നേയാർത്ഥദുഷ്ടമാണെന്നായിരുന്നു ആലങ്കാരികന്മാരിൽ അഗ്രഗണ്യനെന്നു സ്വയം അഭിമാനിക്കുന്ന കൃഷ്ണൻനായരുടെ വാദം. 'രോഹിണീ' ശബ്ദത്തിനു 'രോഹിണീനക്ഷത്രജാത' എന്ന അർത്ഥം വ്യാകരണസമ്മതമാണെന്ന് ഒരു സുഹൃത്തു തെളിയിച്ചപ്പോൾ നൈയായികദൃഷ്ട്യാ ലക്ഷണാവൃത്തിക്ക് അവിടെ പ്രവൃത്തി കല്പിക്കാമെന്നായി 'ശാഠ്യം'. ഒരാലങ്കാരികനെങ്കിലും നൈയായികപക്ഷം മാത്രമവലംബിച്ചു ലക്ഷണാവ്യാപാരം ഉദാഹരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽതന്നെ അർത്ഥം ലക്ഷ്യമായിരിക്കുന്ന സന്ദർഭത്തിലൊക്കെ നേയാർത്ഥം എന്ന ദോഷം ഉണ്ടോ? ഇവിടെയെന്തിനാണ് ലക്ഷണയെ പിടികൂടുന്നത്? ഈ ചോദ്യങ്ങളൊന്നും പാണ്ഡിത്യംകൊണ്ടു തഴമ്പിച്ചിട്ടുള്ള തലയിൽ കയറാതെ, മുഖ്യമായ വിഷയത്തെ വിസ്മരിച്ചുകൊണ്ട് ഒച്ചപ്പാടുണ്ടാക്കുന്നത് ഒരുതരം ഉന്മത്തപ്രലപനമല്ലേ?

യുക്തിയുക്തമായ, ചിന്താഗതിയുടെ ശക്തി അത്യുൽക്കടമായിരിക്കുന്ന മറ്റൊരു സന്ദർഭം ഇപ്പോൾ ഓർമ്മയിൽ വരുന്നു.

"ക്രി: പി. 15-ാം ശതകത്തിൽ രോഹിണി തിരുനാളിൽ ജനിച്ച ഏതെങ്കിലും ഒരു വഞ്ചിരാജാവിനേയോ വേറൊരു തമ്പുരാനെയോ കാണിച്ചുതരേണ്ടുന്ന ചുമതല എനിക്കുണ്ടെന്നാണ് ഉള്ളൂർ അവർകളുടെ വാദം. അതിലേയ്ക്കു് എനിക്കു പറയാനുള്ളതു്, ഞാൻ ഒരു വീരകേരളവർമ്മത്തമ്പുരാനെ ആററൂരിൻെറ തിരുവിതാംകൂർ ചരിത്രമനുസരിച്ചു കാണിച്ചിട്ടുണ്ടെന്നും അദ്ദേഹത്തിൻെറ തിരുനാൾ രോഹിണിയാണെന്നതിലേയ്ക്കു പ്രമാണം 'പ്രാപ്താനന്തഫലാ നശ്രീയഃ' എന്ന പദ്യംതന്നെയാണെന്നുമാണ്."

ആ വീരകേരളവർമ്മയെത്തന്നെയാണ് ശ്രീ രോഹിണീ ജന്മാവ് എന്നു പറഞ്ഞിരിക്കുന്നതു് എന്നതിനു തെളിവൊന്നും വേണ്ടേ? മഹാകവിയുടെ വ്യാഖ്യാനം സർവ്വഥാ അസംഗതമാണെന്നു സ്ഥാപിച്ചുകഴിഞ്ഞുവോ? ഈ ചോദ്യം യുക്തിയുടെ ഭയങ്കരതനിമിത്തം നേരിട്ടു ചെല്ലുന്നില്ല!

കോലത്തുനാട്ടുകാരനായ ശങ്കരകവി കൊട്ടാരക്കരത്തമ്പുരാൻെറ ഗുരുവാകുവാൻ ഒരു പ്രതിബന്ധവുമില്ലെന്നുള്ളതിനു കൃഷ്ണൻനായർ ചന്ദ്രോത്സവത്തിൽ ഒരു 'രേഖ' കണ്ടുവച്ചിട്ടുണ്ട്. അതിതാണ്:

"ശ്രീശങ്കരേണ വിദുഷാ കവിസാർവ്വഭൗമേ-
നാനന്ദമന്ദഗതിനാ പുരതോഗതേന"

പോരേ തെളിവ്! ചന്ദ്രോത്സവകഥ നടന്ന കാലം കൂടി നിർണ്ണീതമായിപ്പോയി രണ്ടു വരികൊണ്ട്. മേദിനീവെണ്ണിലാവിനെ അനുവർണ്ണനം ചെയ്തുകൊണ്ടു മുൻപു നടക്കുന്നതായി പ്രസ്താവിച്ചിട്ടുള്ള 'ശങ്കരകവി' കൃഷ്ണവിജയകാവ്യകർത്താവു തന്നെയാണെന്നും ചന്ദ്രോത്സവത്തിലെ ഇതിവൃത്തം കല്പിതമല്ലെന്നും കൃഷ്ണൻനായർ തീർച്ചയാക്കിയാൽ പിന്നെ യാരാണു ചോദിക്കുവാൻ! ചന്ദ്രോത്സവകാരൻ മനോധർമ്മവിലസിതം കൊണ്ടു നിബന്ധിച്ചിട്ടുള്ള സ്വപ്രകൃതിയിലെ നായികയുടെ രംഗപ്രവേശനം വർണ്ണിക്കുന്ന ഘട്ടത്തിൽ ശൃംഗാരരസപ്രകടനത്തിന് അന്യാദൃശമായ വൈദഗ്ദ്ധ്യമുള്ള 'ശങ്കരകവി'യെത്തന്നെ സ്തുതിപാഠകനായി സങ്കല്പിച്ചിരിക്കുകയാണെന്നു സഹൃദയന്മാർ വിചാരിക്കുന്നപക്ഷം വിമർശകഗവേഷകമകുടാലങ്കാരമായ മിസ്റ്റർ നായർ അവരെ അജ്ഞതാപരാധത്തിനു സാഹിത്യലോകത്തിൽനിന്നുതന്നെ ബഹിഷ്കരിച്ചുകളയുവാനാണിട.

ഇനി ചന്ദ്രോത്സവത്തിലെ കഥ വാസ്തവികമാണെന്നും ശങ്കരകവി ചന്ദ്രോത്സവത്തിൽ വേശ്യാവർണ്ണനത്തിനു സന്നിഹിതനായിരുന്നുവെന്നും വാദത്തിനുവേണ്ടി സമ്മതിച്ചാൽതന്നെ കൊട്ടാരക്കരെയ്ക്കു സമീപമെങ്ങാനുമാണു ചന്ദ്രോത്സവരംഗമെന്നെങ്കിലും തെളിയിക്കാതിരിക്കുന്ന

പക്ഷം ഈ വാദം 'ഉൽസ്വപ്നജല്പിതമോ' 'ഭ്രാന്തപ്രലപനമോ' ഏതായിട്ടാണു ശ്രോതാക്കൾ ഗണിക്കുക. കൃഷ്ണവിജയകർത്താവല്ലാതെ ഒരു ശങ്കരകവി കേരളത്തിൽ ജനിക്കുവാൻ പാടില്ലെന്നു ദൈവശാസനമുണ്ടെങ്കിൽ അതു കൃഷ്ണൻനായർ അവർകൾ മാത്രമേ ഗ്രഹിച്ചിട്ടുള്ളു.

ശ്രീമാൻ കൃഷ്ണൻനായരവർകളുടെ നിബന്ധം കവിത്വശൂന്യമാണെന്നു് ആരു പറഞ്ഞു "കവിത്വശൂന്യമായ അസ്മാദൃശന്മാരുടെ നിബന്ധത്തിൽ" എന്നു് അദ്ദേഹം പറയുന്നതു സ്വമാഹാത്മ്യഗോപനത്തിനാണു്. 'ചെറപൈതൽ' എന്ന ഏക പദ്യകൃതികൊണ്ടു ലോകമഹാകവികളിൽ അഗ്രിമസ്ഥാനം അർഹിച്ചിരിക്കുന്ന ആ അതുലപ്രതിഭാശാലിയുടെ നാമധേയം ഏതേതു വികാരത്തോടുകൂടിയാണു കലാലയവിദ്യാർത്ഥികൾ സ്മരിച്ചുപോരുന്നതു്! 'ചെറപൈതൽ' കൈചുരുട്ടിപ്പിടിച്ചിരിക്കുന്നതു ജന്മാന്തരസിദ്ധമായ സംസ്കാരം വിടാതെ സൂക്ഷിക്കുവാനാണെന്നു തോന്നും എന്നുൽപ്രേക്ഷിച്ച കല്പനാവൈഭവത്തിന്റെ കാല്ക്കൽ കാളിദാസൻ നമസ്കരിക്കയില്ലേ? തീർച്ചയായിട്ടും കൃഷ്ണൻനായരവർകളുടെ വ്യാഖ്യാനം, അതു് ഉത്തമമായ ഒരു ധ്വനികാവ്യമാണെന്നുകൂടി ലോകാവസാനംവരെ, വാദിച്ചുകൊള്ളും അവിടന്നു മഹാകവിയുമാണു്.

# വയൽവക്കത്ത്.

[ജി. എൻ.]

പാടത്തിന്റെ കരയ്ക്കതാ കൊച്ചുപുൽ-
മാടമൊന്നു കാണുന്നു മനോഹരം!

വിണ്ണിൻ മാറിൽ തലവച്ചുറങ്ങിടു-
മുന്നത മണിമേടയ്ക്കുലഭ്യമേ
പുല്ലുപോലും തലയിലണിയുമി-
പ്പുണ്യമാം കുടിലിന്റെ സമാധാനം!

ഹാ! കുലീനയാം ലക്ഷ്മിക്കു തീണ്ടുമി-
പ്പാഴ്കുടിലെത്ര പാവനമാകിലും;
തൽ പദലാക്ഷയെന്നാലിതിലെഴു-
മപ്പതിതർതൻ ജീവതരക്തമാം!

നിർമ്മലാത്മാക്കളിങ്ങുവസിപ്പവർ
കർമ്മമാത്രപരായണരുത്തമർ.
അന്നന്നത്തെപ്പണികൊണ്ടുനേടുവോ-
രന്നന്നേയ്ക്കന്നമുൽകൃഷ്ടജീവിതർ.

പട്ടുടുക്കുവാനില്ലിവർക്കേതുമ-
പ്പട്ടണപരിഷ്കാരവുമില്ലെന്നാൽ
നിത്യവത്സലയാകും നിസർഗ്ഗാംബ
ഏത്തലിന്നേകുമാരോഗ്യമുണ്ടേററം.

ഈ വിമലപ്രകൃതികൾ കാണിപ്പു
ജീവിതത്തിന്നകൃത്രിമസൌന്ദര്യം
വൻകറപ്പാണ്ട മേനിയിൽ പൂശുന്നു
കുങ്കുമമിവർ പാടത്തെച്ചെമ്മണ്ണാൽ
കച്ചമുണ്ടൊന്നു മുട്ടോളമാർന്നിവർ
പച്ചപ്പട്ടുനെയ്യുന്നു ഭൂദേവിക്കായ്.

വേലതന്നെ വിനോദമിവർക്കതിൻ
കൂലി വേപ്പിൻകണങ്ങളാം മുത്തുകൾ
വേറെയില്ലിവർക്കാശ, വിളവിനാൽ
വിറണം ജഗത്തിന്റെ പത്തായങ്ങൾ.
നിഷ്കളങ്കതേ, നിസ്വാർത്ഥതേ, നിങ്ങ-
ളിക്കണെക്കൊത്തു കൂടുന്നതെങ്ങുവാൻ?

# പുംസ്ത്രീപ്രത്യയങ്ങൾ.

[വിദ്വാൻ, ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായർ]

ഭാഷയിലെ ലിംഗവ്യവസ്ഥ തുലോം കൃത്രിമമാണ്. ദ്രാവിഡശാഖയിൽ ആദ്യകാലത്തു പുംസ്ത്രീലിംഗങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളുവെന്നു കാൾഡ്വൽ അഭിപ്രായപ്പെടുന്നു. കേരളപാണിനിയാകട്ടെ, പുംനപുംസകങ്ങൾക്ക് 'അൻ' എന്ന ഒരേ പ്രത്യയംതന്നെ ആയിരുന്നുവെന്ന് അഭ്യൂഹിക്കുന്നു. ഇതിനു തമിഴ് വൈയാകരണനായ ഭവനന്ദി നപുംസകത്തിന്ന് 'അം' 'അൻ' എന്നു രണ്ടു പ്രത്യയം വിധിച്ചുകാണുന്നതിനെ തെളിവായും സ്വീകരിക്കുന്നുണ്ട്. സ്ത്രീലിംഗത്തിന്ന് 'ഇ' എന്നും 'അൾ' എന്നുമാണ് പ്രത്യയമായി വിധിക്കുന്നത്.

'അൻ' എന്ന പുല്ലിംഗപ്രത്യയം 'ആൺ' എന്ന സ്വതന്ത്രപദത്തിൽനിന്ന് ഉണ്ടായതാണെന്നത്രെ കേരളപാണിനിയുടെ അഭിപ്രായം. ആൺ ആദ്യം ഒൻ ആയും പിന്നീട് അൻ ആയും രൂപാന്തരം പ്രാപിച്ചു. ആൻ എന്ന രൂപം 'ആശാൻ', വാദ്ധ്യാൻ തുടങ്ങി ദുർല്ലഭം ചില നാമങ്ങളിലും, ആഖ്യാതങ്ങളിലും മാത്രം ഇന്നു കാണുന്നു. അതുപോലെത്തന്നെ സ്ത്രീലിംഗപ്രത്യയമായ 'അൾ' എന്നതു 'ആൾ' എന്ന സ്വതന്ത്രപദത്തിൽനിന്നുണ്ടായി. 'ആൾ' ഇപ്പോൾ സ്ത്രീപുരുഷസാമാന്യവാചകമായിട്ടുണ്ടെങ്കിലും ആദ്യകാലത്ത് അത് സ്ത്രീവാചകം മാത്രമായിരുന്നുവത്രെ.

ശേഷഗിരിയുടെ അഭിപ്രായം ഇതിൽനിന്നു വ്യത്യസ്തമാണ്. അൻ, അൾ എന്നീ പ്രത്യയങ്ങൾ യഥാക്രമം അവൻ, അവൾ എന്നീ വിവേചകസർവ്വനാമങ്ങളിൽ (വ്യാ. മി. 128. 103. 95) നിന്നുണ്ടായതാണെന്ന് അദ്ദേഹം സിദ്ധാന്തിക്കുന്നു. കേരളപാണിനിക്കെതിരായി 'അൾ' ദീർഘിച്ചാണ് 'ആൾ' പ്രത്യയം (ഉം: പെൺമണിയാൾ) ഉണ്ടായതെന്ന് സാരസംഗ്രഹത്തിൽ (Page 34) പ്രസ്താവിച്ചുകാണുന്നു. ഇനി ഈ പ്രത്യയങ്ങളുടെ ആഗമത്തെപ്പററി നമുക്ക് സ്വതന്ത്രമായി ചിലതു ചിന്തിച്ചുനോക്കാം.

ആൾ എന്ന പദം കേരളപാണിനി പറയുന്നതുപോലെ ആദ്യകാലങ്ങളിൽ സ്ത്രീവാചകമായിരുന്നുവോ എന്നു സംശയമാണ്. അത് ഇന്നത്തെപ്പോലെ സ്ത്രീപുരുഷസാമാന്യവാചകംതന്നെ ആയിരുന്നു. അതു ആൾ (= ഭരിക്കുക) എന്ന ധാതുവിൽനിന്നു് ഉണ്ടായതാണല്ലൊ. പ്രസ്തുതപദം ആദ്യകാലം മുതല്ക്കേ സ്ത്രീവാചകമായിരുന്നുവെങ്കിൽ അതിനോട് സ്ത്രീലിംഗപ്രത്യയമായ 'തി' ചേർന്ന 'ആട്ടി' എന്ന ഇരട്ടരൂപമു

ണ്ടാകുന്നതിന്നു് പ്രസക്തിയില്ല. കമ്മാട്ടി, മണവാട്ടി തുടങ്ങി കുറ്റവളരെ പദങ്ങളിൽ ആൾ എന്നതിനോടു് 'തി' പ്രത്യയം ചേൎന്നുകാണുന്നുണ്ടു്. ഇതുപോലെതന്നെ 'അൻ' പ്രത്യയം ചേൎന്നു കാട്ടാളൻ മണവാളൻ എന്നെല്ലാം പുല്ലിംഗരൂപങ്ങളും ഉണ്ടായിക്കാണുന്നു. ആൾ സ്ത്രീവാചകമായിരുന്നുവെങ്കിൽ ആട്ടിതുടങ്ങിയ ഇരട്ടപ്രയോഗങ്ങൾ, ദ്രാവിഡഭാഷകളിൽ സാൎവ്വത്രികമായി കാണുന്ന അനാഡംബരതയ്ക്കു് ഒരു അപവാദം പോലെയായിരിക്കും. അതിനാൽ 'ആൾ' എന്ന പദം ആദ്യകാലത്തു് മനുഷ്യസാമാന്യവാചകമായിരുന്നുവെന്നുവേണം വിചാരിക്കുവാൻ.

വിഭജനം, ബുദ്ധിശക്തിയുടേയും തജ്ജന്യമായ ചിന്താശീലത്തിന്റെയും അഭിവൃദ്ധിയോടുകൂടിയാണു ആരംഭിക്കുന്നതു്. ആദ്യകാലങ്ങളിൽ മനുഷ്യരെ കുറ്റാകെ ഒരു വൎഗ്ഗമായി കുറിച്ചിരുന്ന സമുദായം, പിൽക്കാലത്തു്; അവരിലുള്ള സ്ത്രീപുരുഷവ്യത്യാസത്തെ വിവേചിച്ചറിയുകയും അതോടുകൂടി അവരെ പ്രത്യേകം പരാമൎശിക്കുന്നതിന്നു് പദങ്ങൾ ആവശ്യപ്പെടുകയും ചെയ്യും. അപ്പോൾ വൎഗ്ഗത്തിലെ പ്രധാനിയായ പുരുഷനിൽ ആ പദം (ആൾ) രൂഢമായിത്തീൎന്നു. ആദ്യം സാമാന്യവാചകങ്ങളായ ശബ്ദങ്ങൾ പിന്നീടു് വിശേഷവാചകങ്ങളായിത്തീരുന്നതു് ഏതു ഭാഷയിലും സാധാരണമാണു്. എന്നാൽ ദ്രാവിഡഭാഷയിലെ ആൾ എന്ന സാമാന്യപദം രൂപഭേദത്തോടുകൂടിയാണു് വിശേഷവാചകമായിത്തീൎന്നതു്. ആദ്യമായി അതിലെ 'ള' കാരത്തിന്നു് മൂൎദ്ധന്യാദേശം വന്നു് 'ആടു്' എന്നായി. ളകാരത്തിന്നു മൂൎദ്ധന്യാദേശം സംഭവിക്കുന്നതു് ആൎയ്യദ്രാവിഡഭാഷകളിൽ അപൂൎവ്വമല്ല. ഉദാഹരണത്തിന്നു് ഈളേ=ഈഡേ; വരൾ=വരടു് എന്നീപദങ്ങൾ നോക്കുക. ലീലാതിലകകാരൻ, അതിപ്രാചീന ദ്രാവിഡപദങ്ങളായി യഥാക്രമം സ്ത്രീ പുമാന്മാരെ കുറിക്കുന്നതിന്നു മകടു്, ആടു്—എന്നിങ്ങിനെ രണ്ടുപദം പറഞ്ഞുകാണുന്നുണ്ടു്. അതിലെ 'ആടു്' ആൾ എന്നതിന്റെ രൂപാന്തരമല്ലാതെ മറെറാന്നുമല്ല.

ആടു് എന്ന പദത്തിലെ ടകാരത്തിന്നു വീണ്ടും ഉച്ചാരണസൗകൎയ്യം പ്രമാണിച്ചു വ്യത്യാസം വന്നു. ടകാരം ണകാരമായി: ഈ രൂപമാണു് ഇന്നത്തെ പുരുഷവാചകമായ 'ആൺ' എന്ന ശബ്ദം. സന്ധികളിൽ ഇത്തരം രൂപഭേദം ഇന്നും കാണുന്നു. വിരൾ+തു=വിരൺടു; തിരൾ+തു=തിരൺടു തുടങ്ങിയ ഉദാഹരണങ്ങൾ നോക്കുക. ആൺ എന്നുള്ളതു ക്രമേണ ആൻ, അൻ എന്നെല്ലാം പുല്ലിംഗപ്രത്യയമായിത്തീൎന്നു.

ഇനി 'അൾ' എന്ന സ്ത്രീലിംഗപ്രത്യയത്തിന്റെ ആഗമത്തെപ്പററിയാണു് ആലോചിപ്പാനുള്ളതു്. തമിഴിൽ സ്ത്രീവാചകമായി മകവ്,

മകൾ, മകട് എന്നിങ്ങനെ സാമാന്യം സാദൃശ്യമുള്ള മൂന്നു പദം കാണുന്നുണ്ടു്. ഇതിൽ മകൾ എന്നതു്, ആൾ ആട് ആയിത്തീൎന്ന ന്യായത്തിന്നനുസരിച്ചുതന്നെ 'മകട്ട' എന്ന രൂപം പ്രാപിച്ചതായിരിക്കണം. പുത്രി എന്ന അൎത്ഥത്തിലാണു മകൾ എന്ന ശബ്ദം ആധുനികഭാഷയിൽ പ്രയോഗിക്കാറുള്ളതെങ്കിലും ആദ്യത്തിൽ അതിന്നു വെറും സ്ത്രീ എന്ന അൎത്ഥമേ ഉണ്ടായിരുന്നുള്ളു. മകൾ ഉച്ചാരണശൈഥില്യത്താൽ 'മാൾ' (പ്രാകൃതന്മാർ ഇന്നും ഈ രൂപമാണു് ഉപയോഗിക്കുന്നതു്) എന്നും പിന്നിട്ടു അനുനാസികം മാഞ്ഞു് വാൾ എന്നും ആയിത്തീൎന്നു. മകാരവകാരങ്ങൾക്കു വിനിമയം സംഭവിക്കുന്നതു ഭാഷയിൽ സാധാരണമാണു്. ഉദാഹരണത്തിന്നു് അനുസ്വാരത്തോടു സമുച്ചയനിപാതം ചേരുമ്പോഴുണ്ടാകുന്ന വികാരം (ധനം+ഉം=ധനമും=ധനവും) നോക്കുക.

> സമുച്ചയനിപാതത്തിൽ
> ചേരുന്നേരം വകാരമാം.
>
> (ശബ്ദശോധിനി)

എങ്ങിനെ ആദേശസന്ധിയിൽ മകാരത്തിന്നു വകാരം വിധിക്കുന്നതുമുണ്ടു്. സമുച്ചയനിപാതമല്ലാതെ കേവലസ്വരം ചേരുമ്പോഴും അപൂൎവ്വമായി ഈ വികാരം പ്രവൎത്തിച്ചുകാണുന്നില്ലെന്നില്ല.

ഉ:—

> മണം+ആളൻ=മണവാളൻ
> വരും+കാൻ=വരുവോൻ
> ചെയ്യും+എൻ=ചെയ്യുവേൻ.

ഏതായാലും മകൾ, 'മാളും' പിന്നിട്ടു 'വാളും' ആകാമെന്നു കണ്ടുവല്ലോ. വാൾ പിന്നെ ആൾ എന്നാകാൻ അത്രയും പ്രയാസമില്ല. അതു മണവാളൻ മണാളൻ ആകുന്നതുപോലെയാണു്. ആഖ്യാതങ്ങളിലും സാധാരണ നാമങ്ങളിലും ചേൎന്നുകാണുന്ന ഈ 'ആൾ' എന്ന പ്രത്യയമാണു വീണ്ടും സങ്കോചിച്ചു് 'അൾ' എന്ന സൎവ്വനാമസ്ത്രീലിംഗപ്രത്യയമായിത്തീൎന്നതു്. ഇത്രയും പ്രസ്താവിച്ചതിൽനിന്നു് അൻ, അൾ എന്നി പുംസ്ത്രീപ്രത്യയങ്ങൾ യഥാക്രമം ആൾ, മകൾ എന്നി സ്വതന്ത്രപദങ്ങളിൽനിന്നു് അഭ്യാഗമിച്ചവയാണെന്നു വിശദമായിരിക്കുമെന്നു വിശ്വസിക്കുന്നു.